Bringing You Closer to God
LANDWAY
RNI-KERBIL/2015/62054

# ലാൻഡ്‌വേ ന്യൂസ്

www.landwaynews.com email: landwaynews@gmail.com

10 JUNE 2016

Postal Registration No. KL/PTA/93/2015 - 2017.
WPP License Number: KL/PTA/WPP/217/2015 - 2017.

Published From Pathanamthitta • Volume No. 2, Issue No. 6 • Pages 8 • Price: Rs. 10/-


# ഐ.പി.സി. യുടെ ഭരണമുന്നേറ്റത്തിനായ് പുതിയ അമരക്കാർ

കുമ്പനാട്: ഐ.പി.സി. പ്രസിഡന്റായി പാസ്റ്റർ കെ. സി. തോമസും സെക്രട്ടറിയായി പാസ്റ്റർ ഷിബു നെടുവേലിലും തിരഞ്ഞെടുക്കപ്പെട്ടു. നിലവിലുള്ള സ്റ്റേറ്റ് പ്രസിഡന്റും ജോയിന്റ് സെക്രട്ടറിയുമായിരുന്നു ഇവർ. ഔദ്യോഗിക ഭാരവാഹികളെ കൂടാതെ 78 സഭാ കൗൺസിൽ അംഗങ്ങളെയും 23 ജെനറൽ കൗൺസിൽ അംഗങ്ങളെയും സംസ്ഥാനത്തെ 11 നിയോജകമണ്ഡലങ്ങളിൽ നിന്നായി തിരഞ്ഞെടുത്തു. പാസ്റ്റർമാരായ രാജു പൂവക്കാല (വൈസ് പ്രസിഡന്റ്), സി. സി. ഏബ്രഹാം, ബ്രദർ മോനി കരിക്കം (ജോയിന്റ് സെക്രട്ടറിമാർ), ജോയി താനുവേലിൽ (ട്രഷറർ) എന്നിവരാണ് മറ്റു ഭാരവാഹികൾ.

തലവടി ഇടയത്ര പരേതരായ കെ. ജി. ചാക്കോയുടെയും ശോശാമ്മ ചാക്കോയുടെയും മകനാണ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ കെ.സി. തോമസ്, റാന്നി സെന്റ് തോമസ് കോളേജിൽ നിന്നും ബിരുദം എടുത്ത ശേഷം വടവാതൂർ ഷാലോം ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ വേദപഠനം പൂർത്തിയാക്കി. ഐ.പി.സിയുടെ തിരുവനന്തപുരം വെസ്റ്റ് സെന്റർ പാസ്റ്ററും പേരൂർക്കട ഫെയ്ത്ത് സെന്റർ സഭയുടെ സീനിയർ പാസ്റ്ററുമാണ്. ഐ.പി.സി സ്റ്റേറ്റ് സെക്രട്ടറി, വൈസ് പ്രസിഡന്റ്,



പാസ്റ്റർ കെ. സി. തോമസ്



പാസ്റ്റർ ഷിബു നെടുവേലിൽ



ജോയി താനുവേലിൽ

പി.വൈ.പി.എ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: റെയ്ച്ചൽ തോമസ്. മക്കൾ: സൂസൻ ബോബി, ടൈറ്റസ്, ഫേബാ, ശേബാ. ഐ.പി.സി മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ.സി ജോൺ സഹോദരനാണ്.

മാരാമൺ നെടുവേലിൽ പരേതരായ എൻ. ജെ. മാത്യു-തങ്കമ്മ ദമ്പതികളുടെ മകനായ പാസ്റ്റർ ഷിബു നെടുവേലിൽ കോഴഞ്ചേരി സെന്റ് തോമസ് കോളേജിലെ പഠനത്തിനുശേഷം മുംബൈയിൽ ജോലി ചെയ്യുമ്പോഴാണ് സുവിശേഷവേലയ്ക്കായി ഇറങ്ങുന്നത്. വടവാതൂർ ശാലോം, കുമ്പനാട് ഹെബ്രോൻ എന്നിവിടങ്ങളിൽ പഠിച്ചു. ബർശേബാ തിയോളജിക്കൽ കോളേജ്, വചനപോഷിണി മാസിക, ബർശേബാ ചൈൽഡ് ഡെവലപ്മെന്റ് സെന്റർ എന്നിവയുടെ ഡയറക്ടർ ആണ്. കുമ്പനാട് സെന്റർ അസോസിയേറ്റ് പാസ്റ്റർ, പി.വൈ.പി.എ എക്സിക്യൂട്ടീവ് മെമ്പർ, ഇവാഞ്ചലിസം ബോർഡ് ചെയർമാൻ എന്നീ നിലകളിൽ സേവനം ചെയ്തിട്ടുണ്ട്. ഐ.പി.സി കേരളാ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറിയും മാരാമൺ ഐ.പി.സി സീനിയർ പാസ്റ്ററുമാണ്. ഭാര്യ: ജെസ്സി. മക്കൾ: ജസ്റ്റിൻ, ജെനി.

ട്രഷറർ താനുവേലിൽ ജോയി കോട്ടയം ചുങ്കത്ത് കഞ്ഞിക്കുഴി ഐ.പി.സി ഫിലദൽഫിയ സഭാംഗമാണ്. ജനറൽ, സ്റ്റേറ്റ് കൗൺസിലുകളിൽ നിരവധി തവണ അംഗമായിട്ടുള്ള ഇദ്ദേഹം ഐ.പി.സി കോട്ടയം തിയോളജിക്കൽ സെമിനാരി, ഐ.പി.സി എഡ്യൂക്കേഷൻ ആൻഡ് വെൽഫെയർ സൊസൈറ്റി, പവർവിഷൻ ടിവി ചാനൽ എന്നിവകളുടെ ഡയറക്ടർ ബോർഡ് അംഗമാണ്. സാമൂഹിക സേവനത്തിന്റെ ഭാഗമായി കോട്ടയം ജില്ലാ ആശുപത്രിയിൽ നൂറുകണക്കിന് രോഗികൾക്ക് സൗജന്യ ഡയാലിസിസ് നടത്തികൊണ്ടിരിക്കുന്നു. ഭാര്യ: വൽസ കുരുവിള. മക്കൾ: സന്തോഷ്, ലീന.

ആഞ്ഞിലിത്താനം കൊച്ചിയിൽ പൂവക്കാലയിൽ പി. എം. തോമസ് -അന്നമ്മാ ദമ്പതികളുടെ മകനാണ് വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല. തിരുവല്ല ഐ.പി.സി പ്രയർ സെന്ററിന്റെ സ്ഥാപകനും സീനിയർ പാസ്റ്ററുമാണ്. പി.വൈ.പി.എ പ്രസിഡന്റ്, ഐ.പി.സി സെന്റർ അസോസിയേറ്റ് പാസ്റ്റർ, മിഷൻ ബോർഡ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ജോയിന്റ് സെക്രട്ടറി പാസ്റ്റർ സി.സി ഏബ്രഹാം പുല്ലാട് ചെറുതോമ്പിൽ കോമാട്ട് കുടുംബാംഗമാണ്. പി.വൈ.പി.എയുടെ സംസ്ഥാന പബ്ലിസിറ്റി കൺവീനർ, ഐ.പി.സി ലാന്റ് ആന്റ് ബിൽഡിംഗ് ബോർഡ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ജോയിന്റ് സെക്രട്ടറി മോനി കരിക്കം കൊട്ടാരക്കര അലൈഡ് കാഷ്യൂ ഇൻഡസ്ട്രീസ് സ്ഥാപകൻ പരേതനായ കുന്നുവിള സി. ഐ. ലൂക്കോസിന്റെ മകനാണ്.

സീയോൻ കാഹളം ചീഫ് എഡിറ്റർ, മിഷൻ ബോർഡ് സെക്രട്ടറി, പി.വൈ.പി.എ സെന്റർ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

## ഡോ. പി. എസ്. പ്രിൻസ് ചുമതലയേറ്റു

കുവൈറ്റ്: ഇന്ത്യ പെന്തെകോസ്ത് ഫാഹീൽ ദൈവസഭയുടെ ശുശ്രൂഷകനായി ഡോ. പി. എസ്. പ്രിൻസ് ചുമതലയേറ്റു. കഴിഞ്ഞ 9 വർഷക്കാലം ചെറുവക്കൽ ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ പ്രിൻസിപ്പാളായും 22 വർഷക്കാലം ബൈബിൾ കോളേജ് അധ്യാപകനായും, സഭാ ശുശ്രൂഷകനായും, ഐ. പി. സി. ഒറ്റശേഖരമംഗലം ഏരിയ കോർഡിനേറ്റർ എന്ന നിലയിലും പ്രവർത്തിപരിചയമുള്ള ഇദ്ദേഹം പത്തനാപുരം കലഞ്ഞൂർ പ്ലാവിള വീട്ടിൽ പരേതനായ പി. പി. ശമുവേലിന്റെയും ശാന്തമ്മ ശമുവേലിന്റെയും മൂത്തമകനാണ്.



ഡോ. പി. എസ്. പ്രിൻസ്

കോളേജ് വിദ്യാഭ്യാസത്തിനു ശേഷം ദൈവവിളി മനസ്സിലാക്കിയ താൻ മണക്കാല സെമിനാരിയിൽ നിന്നും ബി.റ്റി.എച്ചും, കണ്ണംമൂല സെമിനാരിയിൽ നിന്നും ബി.ഡി. ഡിഗ്രിയും ബാംഗ്ലൂർ സായാക്സിൽ നിന്നും എസ്.റ്റി.എം. ഡിഗ്രിയും, സൗത്ത് കൊറിയയിലെ ഏഷ്യ യുണൈറ്റഡ് തിയോളജിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് ഇൻ മിഷിയോളജി കരസ്ഥമാക്കി. ഭാര്യ സൂസൻ, മകൻ ജോഷ്വാ, മകൾ റീമ.

## യാത്രയയപ്പ് നൽകി



ഷാർജ: മുപ്പതുവർഷത്തെ പ്രവാസജീവിതത്തിനു ശേഷം നാട്ടിലേക്കു മടങ്ങുന്ന ശോശാമ്മ ചെറിയാന് കോർഫക്കാൻ ശാലോം പെന്തെകോസ്ത് സഭാ യൂത്തി വിംഗ്, സൺഡേസ്കൂൾ എന്നിവയുടെ ആഭിമുഖ്യത്തിൽ യാത്രയയപ്പ് നൽകി.

ഷാർജ കോർഫക്കാൻ ഗവൺമെന്റ് ഹോസ്പിറ്റലിൽ നേഴ്സ് ഇൻചാർജ്ജ് ആയി വിരമിച്ചു. ശാലോം സഭയുടെ ഒരു സജീവ അംഗവും, സൺഡേസ്കൂൾ അദ്ധ്യാപികയുമായിരുന്നു.

സാം തോമസ് അധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്റർ ജോൺസൻ ലാസർ ഉപഹാരം നൽകി. സൺഡേസ്കൂൾ ഹെഡ്മാസ്റ്ററും, യൂത്ത് വിംഗ് സെക്രട്ടറിയുമായ ഡഗ്ലസ് ജോസഫ്, അസ്സോ. ശുശ്രൂഷകൻ കോശി ചാക്കോ, ബേബി ജേക്കബ്, സുജു മത്തായി, പ്രിൻസ് സ്കറിയ എന്നിവർ സന്നിഹിതരായിരുന്നു.

## വാഹന അപകടത്തിൽ മരണപ്പെട്ടു



പുനലൂർ: ഇടമൺ ചർച്ച് ഓഫ് ഗോഡ് സഭാ അംഗവും ഷിബുവിന്റെ ഭാര്യയുമായ ഷൈല പുനലൂരിൽ യാത്രാ മദ്ധ്യേ ഇരുചക്രവാഹനത്തിൽ ലോറി ഇടിച്ചു മരണപ്പെട്ടു. നല്ല ആത്മീയ നിലവാരമുള്ള ഭവനത്തിലെ അംഗമായിരുന്നു ഷൈല. തന്റെ ഭർത്താവ് ജോലിയോടുള്ള ബന്ധത്തിൽ മസ്ക്കറ്റിൽ ആയിരിക്കുന്നു. ഈ കുടുംബത്തിലെ എല്ലാവരെയും ദൈവം ആശ്വസിപ്പിക്കട്ടെ.

***കുടുംബഗങ്ങൾക്ക് ലാന്റ് വേ ന്യൂസിന്റെ പത്രാധിപർ അനുശോചനം അറിയിച്ചുകൊള്ളുന്നു.***

## ആരാധനമദ്ധ്യേ നിത്യതയിലേക്ക് ചേർക്കപ്പെട്ടു

പുനലൂർ: എ.ജി. ഉറുകുന്ന് ചർച്ചിൽ ചാർജ് എടുത്ത പാസ്റ്റർ ഫിലിപ്പ് ചാക്കോ ആരാധന മദ്ധ്യേ നിത്യതയിലേക്ക് ചേർക്കപ്പെട്ടു.മുഖത്തല എ.ജി.യിൽ നിന്നാണ് ഉറുകുന്നിലേക്ക് എത്തിയത്. കൊട്ടാരക്കര തൃക്കണ്ണമംഗൽ സ്വദേശിയാണ്.

ഒഴുകുപാറയ്ക്കൽ, അഞ്ചൽ, പൊടിയാട്ടുവിള, വള്ളിക്കുന്നം, എന്നിവിടങ്ങളിൽ സഭ പാസ്റ്ററായിരുന്നു. ദുഃഖത്തിൽ ഇരിക്കുന്നവരെ ഓർത്ത് പ്രാർത്ഥിച്ചാലും!



## നയഗ്രാ പ്രയർ സെന്റർ വാർഷികം നടത്തി

കാനഡ:: നയാഗ്ര പ്രയർ സെന്ററിന്റെ വാർഷിക സമ്മേളനം മെയ് 28 -ന് അനുഗ്രഹസമാപ്തിയിലേക്ക് നയിക്കുകയും സുവിശേഷ പ്രവർത്തനത്തിൽ വ്യക്തിയുടെ ആക്കം കൂട്ടുകയും ചെയ്തു. ഈ പ്രവർത്തനത്തിൽ വിവിധ സ്ഥലങ്ങളിലുള്ള വിശ്വാസി സമൂഹങ്ങളും ദൈവദാസന്മാരും ഒത്തുചേർന്ന് പ്രാർത്ഥിച്ച് സഹകരിച്ചു.

പാസ്റ്റർ ബിനു ജേക്കബ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അനവധി ദൈവദാസന്മാർ പങ്കെടുക്കുകയും മുഖ്യസന്ദേശം പാസ്റ്റർ ജെറിൻ മാത്യു തോമസ് നൽകുകയും ചെയ്തു. വളരെ അനുഗ്രഹകരമായ നിലയിൽ ബ്രദർ ഫിന്നി ബെൻ ജോസും സഹപ്രവർത്തകരും ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകി. നിരവധി ആശയങ്ങൾ വരുംകാലങ്ങളിലെ സുവിശേഷവ്യാപ്തിക്കുവേണ്ടി ചെയ്യുവാനുള്ള ശക്തി ദൈവം സംഘാടകർക്കു നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

യോഗങ്ങളുടെ നേതൃത്വത്തിലേക്കായി സുവി. ബിനോയ് കെ. ബാബു, സഹോദരന്മാരായ സുനിൽ വർഗ്ഗീസ്, ബ്ലെസൻ മാത്യു, ജെറാൾഡ് ജേക്കബ്, ജിജി ജോർജ്ജ് എന്നിവരുടെ സഹകരണം ആശ്വാസകരമായിരുന്നു. ലാന്റ്വേ ന്യൂസിന്റെ അഭിനന്ദനങ്ങളും ആശംസകളും ഞങ്ങൾ നയാഗ്ര പ്രയർ സെന്ററിന് അറിയിച്ചുകൊള്ളുന്നു.

**LANDWAY NEWS**
**EDITORIAL BOARD**
*CHIEF EDITOR:*
Santhosh Pandalam
*EDITOR:*
Sherly Santhosh
*ASSOCIATE EDITOR:*
Shiju John Samuel
*SUB EDITOR:*
Joy Varghese Elanthoor
*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Douglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
OMAN
Sam George, Kottarakkara

**Address:**
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta (Dist), Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 150
USA: Dollars - 60
UK: Pounds - 30
Gulf: Rs. 3000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

## വരിസംഖ്യ?

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 038607300000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55



സന്തോഷ് പന്തളം

# യാത്രയിലെ യാത്രികർ

മനുഷ്യന്റെ ജനനദിവസം മുതൽ മരണദിവസം വരെ അവരുടെ യാത്രകൾ ഈ ലോകത്തിൽ തുടർന്നുകൊണ്ടേയിരിക്കും. ഈ ലോകത്തിലെ ഓരോ മനുഷ്യരുടെ യാത്രകളും കേവലം ഒരു നിമിഷംപോലെ മാറിക്കൊണ്ടിരിക്കുന്നു. വളരെ കരുതലോടും ക്രമീകൃതമായും ജീവിച്ചാൽ ചിലപ്പോൾ നൂറ് വയസ്സുവരെ ജീവിക്കാമായിരിക്കും. ഇത്രയും നാൾ ജീവിച്ചാൽപോലും കേവലം കൈവിരലിൽ എണ്ണാവുന്നതുപോലെ തോന്നിപ്പോകും. മനുഷ്യരുടെ യാത്ര ഇവിടെ വച്ച് അവസാനിക്കുന്നില്ല മറിച്ച് മറ്റൊരു ലോകത്തിലേക്കുള്ള യാത്രയുടെ പുറപ്പെടലാണ്.

ജനനം, ജീവിതം, മരണം എന്നീ മൂന്ന് പൂജ്യങ്ങൾക്കുള്ളിൽ ഒരുങ്ങുന്നതാണ് ഈ ലോകജീവിതം. ഇതിനപ്പുറം നിത്യനിത്യ യുഗങ്ങളിലേക്കുള്ള (ഭക്തന്മാരുടെ കാൽവയ്പ്പാണ് മരണാന്തര) ജീവിതം. ചിലർ ചിന്തിച്ചേക്കാം ഇനിയൊരു ജീവിതം മനുഷ്യനുണ്ടോ? ഇനിയൊരു രാജ്യമുണ്ടോ?

ഇതിനപ്പുറമൊരു യാത്രയുണ്ടോ? ഉണ്ട് സഹോദരങ്ങളെ, ഇവിടെവച്ച് മനുഷ്യന്റെ യാത്ര തീരുന്നില്ല. പ്രത്യുത മറ്റൊരു യാത്രയുടെ തുടക്കമാണ്. ഇതിനുള്ള പരിശീലനമാണ് ഈ ലോകത്തിൽ ഇപ്പോൾ മനുഷ്യരിൽ നടന്നുകൊണ്ടിരിക്കുന്നത്. ഒരു കൊച്ചുകുട്ടി ഈ ലോകത്തിൽ ജനിക്കുമ്പോൾ തന്നെ കൈകൾ ചുരുട്ടിപ്പിടിച്ച് ലോകത്തിലേക്ക് വരികയാണ്. ഈ ലോകത്തോട് തനിക്ക് യുദ്ധം ചെയ്യുവാനുണ്ട് എന്നും യാത്രയുണ്ടെന്നും വിളിച്ചുപറയുന്നു. പക്ഷേ ലോകത്തിൽ ഈ കുട്ടി കുറെനാളുകൾ ജീവിച്ചു കഴിയുമ്പോൾ ഇവിടെത്തെ യുദ്ധമെല്ലാം അവസാനിപ്പിച്ചു എന്ന് കൈകൾ നിവർത്തി പിടിച്ചുകൊണ്ട് ഇവിടെ നിന്നും യാത്രപറയുകയാണ്.

മനുഷ്യർ മനുഷ്യരോടും മണ്ണിനോടും മല്ലുപിടിച്ച് യുദ്ധം ചെയ്യുന്നു. അവന്റെ ശക്തികൊണ്ട് ഭൂമിയെ കീറി മുറിച്ചു അവന്റെ ശക്തി തെളിയിക്കുകയാണ്. കുറച്ച് കഴിയുമ്പോൾ മണ്ണ് അവനെ പിടിച്ചടക്കി കേവലം 6 അടി താഴ്ചയ്കുള്ളിലാക്കുന്നു. എത്ര വലിയവനായാലും ഒരു ദിവസം ഈ ഭൂമിയിൽ നിന്നും യാത്ര പറഞ്ഞേ മതിയാകൂ. ചിലരുടെ നടപ്പും വർത്തമാനങ്ങളും കേട്ടാൽ ഈ വ്യക്തിയാണ് ഭൂമിയെ അച്ചുതണ്ടിന്മേൽ നിറുത്തിയിരിക്കുന്നതെന്നും മറ്റുള്ളവരെല്ലാം ഒന്നിനും കൊള്ളരുതാത്തവരാണ് എന്നുമുള്ള പ്രവർത്തികൾ ചിലരിൽ കാണാവുന്നതാണ്. മനുഷ്യാ നീ കേവലം ഒരു ശ്വാസമത്രേ, നിഴലത്രേ. നിനക്ക് പ്രശംസിക്കാൻ ഈ ലോകത്തിൽ ഒന്നിലും സാധ്യമല്ല.

> *പല്ല് തേയ്ക്കാത്ത, കുളിക്കാത്ത, വസ്ത്രം ധരിക്കാത്ത, വിവിധ ഭാഷകൾ സംസാരിക്കാത്ത, സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കാത്ത 'പോത്ത്' എന്ന് വിളിക്കുന്ന മൃഗത്തിന്റെ ഇറച്ചിക്ക് ഒരു കിലോ 300 രൂപ.*

സ്നേഹത്തിന്റെ ഭാഷയിൽ ഒരുവാക്ക് ഞാൻ ചോദിക്കട്ടെ, പല്ല് തേയ്ക്കാത്ത, കുളിക്കാത്ത, വസ്ത്രം ധരിക്കാത്ത, വിവിധ ഭാഷകൾ സംസാരിക്കാത്ത, സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കാത്ത 'പോത്ത്' എന്ന് വിളിക്കുന്ന മൃഗത്തിന്റെ ഇറച്ചിക്ക് ഒരു കിലോ 300 രൂപ. പല്ലുതേക്കുന്ന, കുളിക്കുന്ന, മാച്ചിന് മാച്ച് വസ്ത്രം ധരിക്കുന്ന, മനുഷ്യരുടെ ശ്രദ്ധ പിടിച്ചുപറ്റുവാൻ വേണ്ടി സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കുന്ന, വിവിധ ഭാഷകൾ കൈകാര്യം ചെയ്യുന്ന, ആശയവിനിമയം നടത്തുന്ന, ഉറക്കെ ചിരിച്ച് മറ്റുള്ളവരെ ചിരിപ്പിക്കുന്ന, ലോകത്തെ തന്റെ കാൽകീഴിലാക്കാമെന്ന നിലയിൽ ജീവിക്കുന്ന മനുഷ്യാ, നിന്റെ ശരീരത്തിലെ ഇറച്ചിക്ക് ഒരു കിലോക്ക് എത്ര രൂപ കിട്ടും? (എന്നെയും കൂടി ത്തന്നെയാണ് പറഞ്ഞിരിക്കുന്നത്).

എന്താ താങ്കൾ ചിന്തിക്കുന്നത്? പറഞ്ഞത് ശരിയല്ലേ! എന്നോടൊപ്പം നിങ്ങൾ സമ്മതിച്ചേ മതിയാകൂ. ഇവിടം വിട്ടു പോകുന്ന ഒരു ദിവസം ഏറ്റവും ആസന്നമായിരിക്കുന്നു. അങ്ങ് വിദൂരത്തിലേക്കുള്ള ആ യാത്ര സമാഗതമായിരിക്കുന്നു. മനുഷ്യൻ കേവലം ഒരു നിഴൽ മാത്രമാണ്. ഈ നിഴലിനെ പിടിക്കാൻ ആരെങ്കിലും ശ്രമിച്ചാൽ മണ്ടത്തരമാണ്. നീ നിഴലിനെ പിടിക്കാൻ എത്ര വേഗത്തിൽ പോകുന്നുവോ അതേ വേഗതയിൽ നിഴൽ നിന്നെ തോൽപിക്കും.

ദൈവം നൽകിയ ആയുസ്സ് ക്രമീകൃതമായി ചിന്തിച്ച് യാത്ര ചെയ്യുക. ലോകം അതിന്റെ അവസാനത്തിലേക്ക് അടുത്തുകൊണ്ടിരിക്കുന്നു. ഇനി നമുക്ക് ഉറങ്ങുവാനും മയങ്ങുവാനുമുള്ള സമയമില്ല. എഴുന്നേൽക്കുക നമുക്ക് ഒരുമിച്ച് ഗ്രാമങ്ങളിൽ, ദേശങ്ങളിൽ, രാജ്യങ്ങളിൽ സുവിശേഷവുമായി പോകാം യാത്രയിലെ യാത്രികരെ.

Youth

# മാതാപിതാക്കൾ മനസ്സിലാക്കേണ്ട കുറച്ചു സത്യങ്ങൾ

മക്കൾ ഉയരണമെന്ന് ചിന്തിക്കുന്നവരാണ് ഏറെക്കുറെ മാതാപിതാക്കളും. മക്കളുടെ ഓരോ ഉയർച്ചയിലും സന്തോഷിക്കയും, പ്രാർത്ഥിക്കയും ചെയ്യുന്ന രണ്ടു വ്യക്തികളാണ് മാതാവും പിതാവും. എന്നാൽ മാതാപി താക്കൾ മക്കളെ ചില വിഷയങ്ങളിൽ തിരുത്താനും, ശകാരിക്കാനും ശ്രമിക്കുമ്പോൾ തങ്ങളുടെ ഭാഗം ശരിയാണോ എന്ന് ശ്രദ്ധിക്കുക. കാരണം, ഇന്ന് ലോകത്തിന്റെ മോഹങ്ങളിലാണ് ഏറെക്കുറെ കുട്ടികളും മക്കളും ജീവിച്ചു വരുന്നത്. വേഗതയിൽ ഓടുന്ന ഒരു വാഹനം പോലെയാണ് നമ്മുടെ ജീവിതവും കടന്നുപോകുന്നത്. ഈ ജീവിതവാഹനത്തിൽ കൂടി കടക്കുമ്പോൾ നമ്മൾ മക്കളാകും, സഹോദരങ്ങളാകും, മാതാപിതാക്കളാകും, അങ്ങനെ പല വഴികളിൽകൂടി കടന്നുപോകുന്നവരാണ്.

ഈ ലോകത്തിൽ ജീവിക്കുമ്പോൾ മാതാപിതാക്കൾ അറിയേണ്ടതും, മനസ്സിലാക്കേണ്ടതുമായ കുറച്ചു സത്യങ്ങൾ ഒളിഞ്ഞു കിടപ്പുണ്ട്. ഒരിക്കലും മക്കളെക്കൊണ്ട് തിരിച്ചൊരു ചോദ്യം ചോദിപ്പിക്കാതിരിപ്പാൻ ശ്രമിക്കുക. പല മക്കളും തന്റെ ബാല്യത്തിൽ മാതാപിതാക്കൾ ചെയ്യുന്ന തെറ്റുകളും, അവർ പറയുന്ന ഓരോ വാക്കുകളും കേട്ട് മിണ്ടാതെ ഇരുന്നേക്കാം. എന്നാൽ, നിങ്ങൾ ചിന്തിക്കുന്നുണ്ടോ എന്തുകൊണ്ടാണ് വൃദ്ധസദനങ്ങളും, അനാഥാലയങ്ങളും കൂടുന്നതും മാതാപിതാക്കൾ പുറം തള്ളപ്പെടുന്നതുമെന്ന്. മക്കൾക്ക് മാതാപിതാക്കളുടെ സ്നേഹവും, വാത്സല്യവും കിട്ടേണ്ടുന്ന ഒരു സമയമുണ്ട്. ആ സമയം നന്നായി മക്കൾക്ക് നൽകുക. നൽകാതിരുന്നാലാണ് മക്കളും മാതാപിതാക്കളുമായുള്ള ബന്ധത്തിന് തകരാറുകൾ ഉണ്ടാകുന്നത്. മക്കളെ ശകാരിക്കാൻ ഉള്ള എല്ലാവിധമായ സ്വാതന്ത്ര്യം



**ഷെറിൻ ഷേർളി സന്തോഷ്**

> *തെറ്റ് ചെയ്താൽ കഠിനമായ വാക്കുകൾ കൊണ്ട് ശകാരിക്കാതിരിക്കാൻ ശ്രമിക്കുക. ചിലപ്പോൾ മാതാപിതാക്കളുടെ വാത്സല്യത്തോടുള്ള ഒരു വാക്ക് മതിയായേക്കാം. ആ വലിയ തെറ്റ് തിരുത്താൻ.*

മാതാപിതാക്കൾക്കുണ്ട്. പക്ഷേ, ആ സ്വാതന്ത്ര്യം എപ്പോഴും ഉപയോഗിക്കുമ്പോൾ ആർക്കാണ് ദേഷ്യം വരാത്തത്. മാതാപിതാക്കൾ എന്ത് തെറ്റ് ചെയ്താലും പേടിച്ച് മിണ്ടാതിരിക്കുന്ന ചില മക്കളുണ്ട്. ഇങ്ങനെയുള്ള മക്കളാണ് മാതാപിതാക്കളുടെ വാർദ്ധ്യക്യത്തിൽ തള്ളിക്കളയുന്നത്. മാതാപിതാക്കളേ, നിങ്ങൾക്ക് നിങ്ങളുടെ മക്കളെ നന്നായി സ്നേഹിച്ച് അവരുടെ കൂടെ താമസിച്ച് ജീവിക്കണം. നിങ്ങൾ പറയുന്ന ഓരോ വാക്കും ശ്രദ്ധിച്ചും സൂക്ഷ്മതയോടുമായിരിക്കണം. കാരണം മക്കൾ ഇത് കേട്ടാണ് പഠിക്കുന്നത്. നാളെ നിങ്ങൾ പറയുന്ന ഓരോ വാക്കുകളും, നിങ്ങൾ ചെയ്യുന്ന ഓരോ വർത്തികളും തിരിച്ചു മക്കൾ പ്രയോഗിച്ചാൽ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയാതെ നോക്കിനിൽക്കാൻ മാത്രമേ സാധിക്കയുള്ളു.

അതുപോലെതന്നെയാണ് മക്കൾ അവരെക്കൊണ്ടു പറ്റുന്ന രീതിയിൽ സഹായിച്ചിട്ടും നിന്നെ കൊണ്ട് എന്ത് പ്രയോജനം എന്ന് ചോദിക്കുന്നത് ശരിയല്ല. ഒരുപക്ഷേ നിങ്ങളുടെ ഈ ഒരു ചോദ്യംകൊണ്ടാകാം മക്കൾ നിങ്ങളോട് അടുക്കാത്തതും, വെറുക്കുന്നതും. നാം മനുഷ്യരാണ് തെറ്റുകൾ പറ്റിയേക്കാം എന്നാൽ ആ തെറ്റുകൾ തിരുത്തുക എന്നതാണ് നമ്മുടെ സ്വഭാവത്തിന്റെ ലക്ഷണഗുണങ്ങളിലൊന്ന്. ഏറെക്കുറെ മാതാപിതാക്കളും പറയുന്നുണ്ടല്ലോ ഇന്റർനെറ്റുകളും, സോഷ്യൽ മീഡിയകളും എന്റെ മകൻ അല്ലെങ്കിൽ മകൾ സൂക്ഷ്മതയോടെ സൂക്ഷിക്കുന്നില്ലായെന്ന്.

മാതാപിതാക്കളേ, നിങ്ങൾ ഇത് സൂക്ഷ്മതയോടെയാണോ സൂക്ഷിക്കുന്നത്. അല്ലെങ്കിൽ കൈകാര്യം ചെയ്യുന്നത് എന്തുകൊണ്ടാണ് ലോകത്തിൽ സ്ത്രീകൾക്കും, കുട്ടികൾക്കും സുരക്ഷതയില്ലാത്തത്? എന്തുകൊണ്ടാണ് പീഡനങ്ങളും ബലാൽസംഗങ്ങളും കൊലപാതകങ്ങളും കൂടിക്കൂടി വരുന്നത്? ഓരോ മനുഷ്യനും ജീവിച്ചുവരുന്ന പശ്ചാത്തലം അതാണ് ഇതിന്റെയെല്ലാം പിന്നിലുള്ള കാരണം. നമ്മൾ ദിനം തോറും മാധ്യമങ്ങളിൽ വായിച്ചുവരുന്ന കാര്യമാണ്. നമ്മൾ ക്രിമിനൽസുകൾ എന്ന് പേരു ചാർത്തിയവർ ഒരിക്കലും ഇങ്ങനെയൊക്കെ ആകണം എന്ന് ചിന്തിച്ചവരല്ലായേക്കാം. പക്ഷേ അവരുടെ കുടുംബ പശ്ചാത്തലം, സമൂഹം ഒക്കെകൂടിയാണ് ഇങ്ങനെയാക്കുന്നത്.

എന്നാൽ മാതാപിതാക്കൾ നല്ലവരായിരുന്നിട്ടും വേർപെട്ട പാതയിൽ കൂടി ജീവിക്കുന്ന മക്കളുമുണ്ട്. മക്കളുടെ ഭാഗ്യമേറിയ നിമിഷങ്ങളാണ് മാതാപിതാക്കളുമായി ജീവിക്കുന്ന കാലഘട്ടങ്ങൾ. ഈ സമയത്താണ് കുടുംബജീവിതം മുമ്പോട്ട് നയിക്കുന്നത് എന്ന് മക്കൾ പഠിക്കുന്നത്. മാതാപിതാക്കളായിരിക്കണം മക്കളുടെ മാതൃക. സ്നേഹം മാത്രം ഒരുപാട് കൊടുത്തിട്ട് കാര്യമില്ല. ആർക്കും ആരെയും സ്നേഹിക്കാം. മാതാപിതാക്കൾ പരസ്പരം സ്നേഹിച്ചും എല്ലാറ്റിലുമധികം പ്രാർത്ഥിച്ചും, നല്ല വാക്കുകൾ സംസാരിച്ചും, നല്ല പ്രവർത്തികൾ ചെയ്തും ജീവിക്കുക. മക്കളുമായി നല്ലൊരു ബന്ധം ഉണ്ടാക്കിയെടുക്കുക. മാതാപിതാക്കളെ കാണുമ്പോൾ പേടിച്ച് നിൽക്കാൻ മാത്രം കഴിയുന്ന ഒരു കുട്ടിയാകും നാളത്തെ ഏറ്റവും വലിയ കുറ്റവാളിയായി മാറുന്നത്. മക്കളെ കൊണ്ട് നല്ലത് പറയിപ്പിക്കുക. മക്കളെ വിശ്വസിക്കുക. തെറ്റ് ചെയ്താൽ കഠിനമായ വാക്കുകൾ കൊണ്ട് ശകാരിക്കാതിരിക്കാൻ ശ്രമിക്കുക. ചിലപ്പോൾ മാതാപിതാക്കളുടെ വാത്സല്യത്തോടുള്ള ഒരു വാക്ക് മതിയായേക്കാം. ആ വലിയ തെറ്റ് തിരുത്താൻ. നമ്മൾ ഒരാളെ കൊന്നുകളഞ്ഞിട്ട് സോറി എന്നൊരു വാക്ക് പറഞ്ഞാൽ എന്താണ് ഉപയോഗം.

അതുപോലെയാണ് മക്കൾ തെറ്റു ചെയ്യുമ്പോൾ ആദ്യം കുറെ വഴക്കും, ശകാരങ്ങളും, ആവശ്യമില്ലാത്ത വാക്കുകളും പറഞ്ഞിട്ട് അവസാനം ആ സാരമില്ല എന്നു പറഞ്ഞാൽ കുറച്ചുസമയത്തേക്ക് മക്കൾ മിണ്ടാതെ വിഷമം മറന്ന് ഇരുന്നേക്കാം. എന്നാൽ ജീവിതം മുഴുവൻ മക്കൾ ഇത് ഓർത്തിരിക്കും. ഒരു പക്ഷേ നിങ്ങളുടെ ബാല്യത്തിൽ നിങ്ങൾ ഇതിലും വലിയ തെറ്റുകൾ ചെയ്തേക്കാം. ചിന്തിച്ചുനോക്കുക *(തുടരും)*.



# ബന്ധങ്ങൾക്ക് വില നൽകുക

ഷീലാ ദാസ്, കീഴൂർ

**ബന്ധങ്ങളുടെ വില തിരിച്ചറിയാവുന്ന മക്കൾ നമ്മുടെ വീട്ടിൽ നിന്നും പുറത്തുവരട്ടെ.**

ഇന്നത്തെ തലമുറ അഥവാ ന്യൂ ജനറേഷൻ ബന്ധങ്ങൾ ഒരു ഭാരമാവുകയാണെന്നു തോന്നിപ്പോകുന്നു. പണ്ടൊക്കെ കൂട്ടുകുടംബങ്ങളിൽ തല്ലിക്കളിച്ചു വളർന്നു വന്നതൊക്കെ പഴംകഥ മാത്രമാവുന്നു. പട്ടിണിയും പരിവട്ടവും ഒക്കെയായിരുന്നെങ്കിലും പഴംകഞ്ഞിയിൽ കാന്താരി പൊട്ടിച്ചു കഴിച്ചതിന്റെ സന്തോഷം ഒന്നു വേറെ തന്നെയായിരുന്നു. എന്നാൽ ആ സ്ഥിതിയൊക്കെ മാറി. ഇന്ന് നാം രണ്ട്, നമുക്കു രണ്ട് എന്ന സ്ഥിതിയിലെത്തി. അതിൽ നിന്നും മാറി നമുക്കൊന്ന് എന്ന നിലയിലായി ഇപ്പോൾ അതും മാറി നമ്മൾ മാത്രം മതി എന്ന് ചിന്തിക്കാൻ തുടങ്ങി.

എന്നാൽ വേദപുസ്തകം പറയുന്നു, ഒരുവനേക്കാൾ ഇരുവർ ഏറെ നല്ലത് (സദൃ4:9). ഒരുവൻ വീണാൽ മറ്റവൻ എഴുന്നേൽപ്പിക്കും. അതായത് ബന്ധങ്ങൾക്ക് വിലയുണ്ട് എന്നതാണ് ചുരുക്കം. ആരോഗ്യം ഉള്ളപ്പോൾ മറ്റൊരാളിന്റെ സഹായം ആവശ്യമില്ല എന്ന് തോന്നാം. എന്നാൽ അത്യാവശ്യ സമയങ്ങളിൽ ഒരു ബന്ധത്തിന്റെ വില നാം അറിയും. വിവാഹം കഴിച്ചവർക്ക് ഒരു കൂട്ടാളിയെ ദൈവം നൽകുന്നു. ഇതുപോലും ഈ തലമുറയ്ക്ക് ഭാരമാവുന്നു. ഒറ്റയ്ക്ക് ജീവിച്ചാൽ മറ്റാരെയും ശ്രദ്ധിക്കേണ്ട എന്നൊക്കെ തോന്നുന്നുവെങ്കിൽ അത് ശരിയായ ചിന്തയല്ല. വിവാഹത്തിനു താൽപര്യമില്ലാത്ത അനേക ചെറുപ്പക്കാർ ഇന്ന് സമൂഹത്തിലുണ്ട്. ബന്ധങ്ങളുടെ വില നമ്മുക്ക് മനസ്സിലാക്കിതരുവാൻ സത്യവേദപുസ്തകം ആഗ്രഹിക്കുന്നു.

നാം ഈ ലോകത്തിലേക്ക് വന്നത് നമ്മുടെ ഇഷ്ടത്തിൽ, നാം പറഞ്ഞ വീട്ടിൽ, നാം തിരഞ്ഞെടുത്ത മാതാ പിതാക്കളിലൂടെയല്ല. ദൈവം അനുവദിച്ച ബന്ധത്തിലൂടെ നാം ഭൂമിയിൽ എത്തി. നമ്മെ ലഭിച്ച മാതാപിതാക്കന്മാരുടെ കഷ്ടപ്പാടുകൾ നാം തിരിച്ചറിയുന്നത് നാം മാതാപിതാക്കൾ ആകുമ്പോഴാണ്. മനുഷ്യനെ ദൈവം സൃഷ്ടിച്ചത് തമ്മിൽ തമ്മിൽ സ്നേഹിയ്ക്കുവാനും ബന്ധങ്ങൾ നിലനിറുത്തുവാനും വേണ്ടിയാണ് എന്നാൽ നാം ആ ചിന്തയിൽ നിന്നും വ്യതിചലിക്കുമ്പോൾ ദൈവീക വ്യവസ്ഥകളോടും മത്സരിക്കയാണ് എന്നു മറന്നു പോകരുത്. നമുക്കിഷ്ടമില്ലാത്ത പലരും നമ്മുടെ ജീവിതത്തിലെ ഭാഗമാകാറുണ്ട്, അത് ദൈവം അനുവദിച്ചതാണെന്ന് വിശ്വസിക്കണം. നമ്മുടെ ജീവിതത്തിൽ ആർക്കെല്ലാം പങ്ക് ഉണ്ടാകണം എന്ന് തീരുമാനിച്ചിരിക്കുന്ന ദൈവത്തിനു നാം കീഴടങ്ങുമ്പോൾ, നമുക്കിഷ്ടമില്ലാത്തവരെയും നാം സ്നേഹിക്കാൻ തുടങ്ങും. നമ്മെ സ്നേഹിക്കുന്നവർ പ്രയോജനപ്പെടാത്ത പല സ്ഥലങ്ങളിലും നാം വെറുക്കുന്ന ചിലർ സഹായത്തിനെത്താറുണ്ട്. അതുകൊണ്ട് നമ്മുടെ ബന്ധങ്ങളെ തിരിച്ചറിയുവാൻ ശ്രമിക്കുക. അപ്പോൾ മാത്രമേ നമ്മുടെ മാതാപിതാക്കളെയും ആഴത്തിൽ സ്നേഹിക്കാൻ നമുക്കു കഴിയൂ. വൃദ്ധസദനങ്ങളിൽ പോയ മാതാപിതാക്കളുടെ തേങ്ങലുകൾ നമ്മെ അറിയണം. ഇന്ന് അവരെ നാം കൊണ്ടാക്കുന്ന സ്ഥലം നാളെ നമുക്കു വേണ്ടി നമ്മുടെ മക്കൾ ബുക്ക് ചെയ്തിരിക്കുന്നു എന്ന് മറന്നു പോകരുത്. പുതിയ തലമുറയെ ബന്ധങ്ങളുടെ വില നാം പറഞ്ഞു മനസ്സിലാക്കുവാൻ ശ്രമിക്കുക. കുടുംബത്തിന്റെ അകത്തും പുറത്തും എങ്ങനെ ബന്ധങ്ങൾ സൂക്ഷിക്കാം എന്നത് അവരെ പറഞ്ഞുമനസ്സിലാക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തം ആണെന്ന് മാതാപിതാക്കൾ ഗ്രഹിക്കട്ടെ. ആരോടും ബന്ധമില്ലാത്ത സ്വസ്നേഹികൾ അന്ത്യകാലത്തിന്റെ ലക്ഷണമാണ്. ഹൃദയത്തിൽ ദൈവസ്നേഹം നിറഞ്ഞ് മറ്റുള്ളവരെയും സ്നേഹിക്കുവാൻ മനസ്സുള്ള, ബന്ധങ്ങളുടെ വില തിരിച്ചറിയാവുന്ന മക്കൾ നമ്മുടെ വീട്ടിൽ നിന്നും പുറത്തുവരട്ടെ.



# നമ്മെ ഓർക്കുന്ന ദൈവം

കൊച്ചുമോൻ ആന്താര്യത്ത്,
യു.എ.ഇ.

**മനുഷ്യന് ഓർമ്മക്കുറവിന്റെ അസുഖം ബാധിച്ചേക്കാം, ഓർമ്മ നശിച്ചുപോയേക്കാം, എന്നാൽ നമ്മെ നിർമ്മിച്ചവന് ഒരു ഓർമ്മപ്പിശകും ഉണ്ടാകുകയില്ല. വലിയവരെയും ചെറിയവരെയും അവൻ ഓർക്കും.**

ജീവിതത്തിന്റെ വ്യത്യസ്തമായ അനുഭവങ്ങളിൽ കൂടെ കടന്നു പോകുകയും, കയ്പും വേദനയും ജീവിത ത്തിൽ കടന്നുവരുകയും ചെയ്യുമ്പോൾ അറിയാതെയെങ്കിലും നാം പറഞ്ഞു പോകും ദൈവമെ നീ എന്നെ മറന്നോ? ജീവിതത്തിന്റെ ബ്രാക്കറ്റ് പീരിഡിൽ ദൈവം നമ്മെ മറന്നോ എന്നു ചിന്തിച്ചാലും പിന്നത്തേതിൽ നമ്മുക്ക് മനസ്സിലാകും അവൻ ചിലത് നമ്മെ പരിശീലിപ്പിക്കാനാണ് അതിൽ കൂടെ കടത്തിവിട്ടത് എന്ന്. 'ദൈവം നോഹയെയും അവനോടു കൂടെ പെട്ടകത്തിൽ ഉള്ള സകല ജീവികളെയും സകല മൃഗങ്ങളെയും ഓർത്തു(ഉൽപ. 8:1). ദൈവത്തിന്റെ വാക്കു വിശ്വസിച്ചു പെട്ടകം പണിത നോഹയെ ദൈവം ഓർത്തു. ദൈവദാസനായ നോഹയുടെ വാക്കു വിശ്വസിച്ചു ലോകസുഖവും സ്വാതന്ത്ര്യവും ഉപേക്ഷിച്ച് പെട്ടകത്തിന്റെ ഇടുങ്ങിയ സാഹചര്യത്തിൽ ജീവിക്കാൻ സമർപ്പിച്ച എല്ലാവരെയും ദൈവം ഓർത്തു. ദൈവാലോചനയ്ക്ക് അനുസരണം കാണിക്കുന്ന ദൈവദാസനെയും ദൈവത്തിന്റെ ആലോചനയ്ക്കു ചെവികൊടുക്കുന്ന ദൈവ ജനത്തെയും ദൈവം ഓർക്കുന്നവനാണ്.

പെട്ടകത്തിൽ ജീവിച്ചതുപോലെയാണ് ഇന്നത്തെ നമ്മുടെ ജീവിതം വലിയ പെട്ടകമാണ്, അത്യാവശ്യം വേണ്ടതെല്ലാം അവിടെ കിട്ടും. പക്ഷേ ആർഭാടമൊന്നും അവിടെ നടക്കുകയില്ല സ്വാതന്ത്ര്യം അൽപം കുറവാണ്. ഒരു അച്ചടക്ക ജീവിതം ശീലിച്ചാൽ മാത്രമേ പെട്ടകത്തിൽ തുടരാൻ കഴികയുള്ളു. മനസ്സിന്റെ തോന്നലുകൾക്കും മോഹങ്ങൾക്കും അനുസൃതമായി പിടിവിട്ടു പോകുന്ന ആർക്കും പെട്ടകം സുഖകരമാക്കുകയില്ല. സ്വയ നിയന്ത്രിത ജീവിതമാണ് പെട്ടകത്തിൽ. ചില സമയത്ത് അൽപം അസ്വസ്ഥത പോലെ തോന്നാം. അപ്പോൾ കിളിവാതിൽ വഴി പുറത്തേക്കൊന്നു നോക്കിയാൽ മതി. സ്വദേശക്കാരും സമപ്രായക്കാരുമായ അനേകർ തകർന്നടിഞ്ഞ ജലാശയം കാണാം. അവരിൽ ചിലർ നമ്മെക്കാൾ സമ്പന്നരായിരുന്നു. ചിലർ നീതിമാന്മാർ എന്നു നിരൂപിച്ചവരുമായിരുന്നു. വലിയ മിടുക്കന്മാരും ആ കൂട്ടത്തിലുണ്ടായിരുന്നു. പക്ഷേ, അവരാരും രക്ഷപ്പെട്ടില്ല. അവരുടെ നീതി അവരെ രക്ഷിച്ചില്ല. എന്നാൽ എന്നെ രക്ഷിച്ചത് ഈ പെട്ടകമാണ് ഇതിനകത്തെ അസൗകര്യമാണ് എനിക്കാനന്ദം.

ഇങ്ങനെ പെട്ടകത്തിൽ ഒതുങ്ങി ജീവിക്കാൻ മനസ്സുവച്ച നിന്നെ അവൻ മറക്കുകയില്ല. അവൻ നിന്നെ ഓർക്കും. അവൻ ഓർത്താൽ:അവൻ നിന്നെ ഓർത്താൽ നിനക്കു വേണ്ടി ഒരു കാറ്റടിപ്പിക്കും.

1. അവൻ ഒരു കാറ്റടിപ്പിച്ച് (ഉൽ 8:1). 2. വെള്ളം നിലച്ചു. 3. ആഴിയുടെ ഉറവകൾ അടഞ്ഞു. 4. ആകാശത്തിന്റെ കിളിവാതിലടഞ്ഞു. 5. മഴ നിന്നു.

ദൈവം നമ്മെ ഓർത്താൽ കാലാവസ്ഥ മാറും. ഇന്നു നമ്മെ ബുദ്ധിമുട്ടിക്കുന്ന സാഹചര്യം മാറ്റാൻ കർത്താവിനധികം സമയം വേണ്ട. എന്നാണീ മഴ നിൽക്കുക, എന്നാണീ വെള്ളം ഇറങ്ങുക, എന്നൊരു സ്വസ്ഥത ഉണ്ടാകും എന്ന് അനേക ദിവസങ്ങളായി ഞരങ്ങുന്ന സഹോദരാ, കരയുന്ന സഹോദരീ, ഈ വേദനയുടെ വെള്ളം അവസാനിക്കും ഈ കഷ്ടതയുടെ കാറ്റ് അവസാനിക്കും. അവൻ കാറ്റടിപ്പിക്കുകയും കാറ്റു നിർത്തുകയും ചെയ്യുന്നവനാണ്. അവൻ മഴപെയ്യിക്കുകയും മഴനിർത്തുകയും ചെയ്യും. അവൻ ആകാശത്തിന്റെ കിളിവാതിൽ തുറക്കുകയും അടക്കുകയും ചെയ്യും. ഇന്നു നിങ്ങൾക്കെന്താണോ ആവശ്യം അതവൻ ചെയ്യും. നമ്മെ ഓർക്കുന്ന ഒരു ദൈവത്തെ നാം മറക്കാൻ പാടില്ല. ദൈവത്തെ മറക്കുന്നവരെ, ഇത് ഓർത്ത് കൊൾവിൻ; അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും; വിടുവിപ്പാൻ ആരുമുണ്ടായിരിക്കുകയില്ല (സങ്കീ 50:22). ആരാധനക്കു യോഗ്യനായവനെ, സ്തുതികളിൽ മേൽ വഹിക്കുന്നവനെ, നമ്മെ തന്റെ രക്തത്താൽ വീണ്ടെടുത്തവനെ, നാം മറന്നാൽ നമ്മുടെ ഗതി അധോഗതി തന്നെയെന്ന് ദൈവവചനം മുന്നറിയിപ്പ് നൽകുന്നു. ലോത്തിന്റെ ഭാര്യയെ ഓർത്തു കൊൾവിൻ (ലൂക്കോ 17:32). മനുഷ്യന് ഓർമ്മക്കുറവിന്റെ അസുഖം ബാധിച്ചേക്കാം, ഓർമ്മ നശിച്ചുപോയേക്കാം, എന്നാൽ നമ്മെ നിർമ്മിച്ചവന് ഒരു ഓർമ്മപ്പിശകും ഉണ്ടാകുകയില്ല. വലിയവരെയും ചെറിയവരെയും അവൻ ഓർക്കും. അവൻ നിലവിളിക്കുന്ന ദരിദ്രനെയും സഹായമില്ലാത്ത എളിയവനെയും വിടുവിക്കും. കണ്ണുനീരിനെ മറികടക്കാത്തവൻ, അപേക്ഷിക്കുമ്പോൾ ഉപേക്ഷിക്കാത്തവൻ, ബലഹീനനെ താങ്ങുന്നവൻ, അനർത്ഥം വഴിമാറ്റുന്നവൻ, അൽപബുദ്ധിയെ ജ്ഞാനിയാക്കുന്നവൻ, പ്രതികൂല സാഹചര്യത്തെ അനുകൂലമാക്കുന്നവൻ, ശത്രുക്കൾ മുമ്പാകെ മേശ ഒരുക്കുന്നവൻ, കൂട്ടുകാരിൽ പരമായി ആനന്ദതൈലം കൊണ്ട് പോഷിപ്പിക്കുന്നവൻ, മരണ ഭീതിയെ മാറ്റിയവൻ, ആയുസിനെ നീട്ടിതന്നവൻ, അനാഥരെയും വിധവയെയും പരിപാലിക്കുന്നവൻ, നമുക്കായി നിത്യത ഒരുക്കുന്നവൻ, ഈ നല്ല കർത്താവ് നമ്മെ മറക്കുമോ? അവൻ നമ്മെ ഒരുനാളും കൈവിടുകയുമില്ല, ഉപേക്ഷിക്കുകയും ഇല്ല. അതേ, അവൻ നമ്മെ ഓർക്കുന്ന ദൈവമാണ്.

# കൺമോഹത്തെ അതിജീവിക്കുക



ഡെൽസി ജോസഫ്
ഫുജൈറ

**ഈ തലമുറകളുടെ പോക്ക് എങ്ങോട്ടാണ്? നിങ്ങൾക്ക് ഇവരെക്കുറിച്ച് ഒരു വിചാരവുമില്ലേ? അതോ മക്കൾ മിടുക്കരാണെന്ന് ഇപ്പോഴും ചിന്തിച്ചിരിക്കുകയാണോ?**

പ്രാർത്ഥിച്ചുകൊണ്ടും ദൈവവചനം ശ്രവിച്ചുകൊണ്ടും ആയിരിക്കട്ടെ ദിവസത്തിന്റെ ആരംഭം. രാവിലെ നാം ഉണരുമ്പോൾ, നമ്മുടെ കണ്ണുകൾ തുറക്കുന്നതിനു മുമ്പ്, കിടക്കയിൽ തന്നെ കുറച്ചുസമയം ഇരുന്നുകൊണ്ട് വേദപുസ്തകത്തിലെ ഒന്നോ രണ്ടോ വാക്യങ്ങൾ മനസ്സിൽ ഓർക്കുകയും, അവയെ നിങ്ങളുടെ ജഢീക കണ്ണുകളുടെ മുമ്പിലേക്ക് കൊണ്ടുവരികയും ചെയ്യുക. നിങ്ങൾക്ക് അത് മുഴുവനായി അറിയാമെങ്കിൽ, ഭാഗികമായോ മാത്രമെ അറികയുള്ളു എങ്കിലും സാരമില്ല. താഴെ കൊടുത്തിരിക്കുന്ന വിധം ആദ്യത്തെ 1-2 മിനിറ്റ് സമയത്തേക്ക് പറയുക;

എ) ആ വാക്യങ്ങളെ നിങ്ങളുടെ ജഢീക കണ്ണുകളുടെ മുമ്പിലേക്ക് കൊണ്ടുവരിക.

ബി) വായ് കൊണ്ട് അവയെ ഉച്ചത്തിൽ പറയുക. (നിങ്ങളുടെ തന്നെ ചെവിയിൽ കേൾക്കത്തക്കവണ്ണം)

ഇപ്രകാരം, മറ്റ് ആരെയെങ്കിലുമോ, മറ്റ് എന്തെങ്കിലുമോ കാണുന്നതിന് മുമ്പ് ദൈവത്തെ ദൈവവചനത്തിലൂടെ ദിവസവും രാവിലെ ആദ്യം കാണുന്നത് ഒരു ശീലമാക്കുക. നിങ്ങളുടെ ദിവസത്തിന്റെ ആരംഭത്തിൽ മാത്രമല്ല, ദിവസത്തിന്റെ അവസാനത്തിൽ നിങ്ങളുടെ ജഢീക കണ്ണുകൾ രാത്രി ഉറക്കത്തിനായി അടയ്ക്കുന്നതിനു മുമ്പും മേൽപറഞ്ഞ ചുവടുകളും ചെയ്യുന്നത് ശീലമാക്കുക. നിങ്ങളുടെ ദിവസം ദൈവവചനം കൊണ്ട് ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും എത്ര മഹത്തരമായ കാര്യമാണ്? ഇപ്രകാരം ചെയ്യുന്നതിന് നമ്മുടെ ദൈവം, തന്റെ വചനത്തിലൂടെ നിങ്ങൾക്ക് കൃപ നൽകുമാറാകട്ടെ.

നമ്മുടെ പ്രാണന്റെ കണ്ണുകൾ:

ഇവയെ 'മനസ്സിന്റെ കണ്ണുകൾ' എന്നും 'ഹൃദയത്തിന്റെ കണ്ണുകൾ' എന്നും ഒക്കെ പറയുന്നു. താഴെ കൊടുത്തിരിക്കുന്ന വാക്യം നമുക്ക് നോക്കാം: 'ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി' (2 കൊരിന്ത്യർ 4:4).

മേൽ ഉദ്ധരിച്ച വാക്യത്തിൽ 'മനസ്സ്' എന്ന് പറഞ്ഞിരിക്കുന്നത് നമ്മുടെ മനസ്സിന്റെ കണ്ണുകളെയാണ് സൂചി പ്പിക്കുന്നത്.

ഈ അദൃശ്യമായ മനസ്സിന്റെ കണ്ണുകൾ തുറന്നിരിക്കുമ്പോൾ മാത്രമേ, താഴെ പറയുന്ന കാര്യങ്ങൾ സംഭവിക്കൂ:

എ) ദൈവവചനത്തിൽ നിന്നും, സങ്കീർത്തനങ്ങൾ 119:18 ൽ പറയുന്നതുപോലെയുള്ള അതിന്റെ ആഴത്തിലുള്ള രഹസ്യങ്ങളും, ദൈവവചനത്തിന്റെ അത്ഭുതകാര്യങ്ങളും മനസ്സിലാക്കാൻ സാധിക്കും.

ബി) നമുക്ക് ദൈവത്തെയും അവന്റെ ആഴത്തിലുള്ള രഹസ്യങ്ങളെയും നമ്മുടെ ഹൃദയത്തിൽ സ്വീകരിക്കാനും അങ്ങനെ വചനനിർഭരമായ, സന്തോഷകരമായ ജീവിതം നയിക്കാനും, കർത്താവിൽ വിശ്വസിച്ചുകൊണ്ട് ദൈവപൈതലായി തീരുവാനും സാധിക്കും.

സി) ദൈവത്തിന്റെ ദിവ്യരഹസ്യങ്ങളും, നമ്മുടെ നിത്യമായ ഭാവിക്കുവേണ്ടിയുള്ള അവന്റെ രഹസ്യങ്ങളും മനസ്സിലാക്കാനും അതിന് ഉതകുംവണ്ണം ഈ ലോകത്തിലെ നമ്മുടെ വർത്തമാനകാല ജീവിതം ദൈവപ്രസാ ദത്തിനും അവന്റെ ദിവ്യപ്രതീക്ഷതയ്ക്ക് അനുസരിച്ചും തയ്യാറാക്കാൻ സാധിക്കും.

മുകളിൽ പറഞ്ഞ കാര്യത്തിന് അപ്പൊസ്തല പ്രവൃത്തികൾ 16:14 നമുക്ക് ഒരു മഹത്തായ ഉദാഹരണം നൽകുന്നു. കർത്താവ് ലുദിയാ എന്നു പേരുള്ള ദൈവ ഭക്തയായൊരു സ്ത്രീയുടെ ഹൃദയം (മനസ്സിന്റെ കണ്ണുകൾ) സുവിശേഷം കേട്ടതിനുശേഷം തുറന്നു.

എന്റെ പ്രിയ സഹോദരീ സഹോദരന്മാരെ, നമ്മുടെ മനസ്സിന്റെ കണ്ണുകൾ തുറക്കപ്പെട്ടിട്ടുണ്ടോ? നമ്മുടെ കർത്താവ് അതിന് ആവശ്യമായ കൃപ, തന്റെ വചനത്തിലൂടെ നിങ്ങൾക്ക് നൽകട്ടെ.

face2face

തയ്യാറാക്കിയത്:
സന്തോഷ് പന്തളം

# പാട്ടുകളോടുള്ള അമിത ഇഷ്ടം... അത് ദൈവത്തിനായി മാത്രം



സന്തോഷ് പന്തളവും ബെഞ്ചമിൻ ജോർജ്ജും

### 1. ജനനവും കുടുംബാംഗങ്ങളും

കേരളത്തിൽ ഇന്നും പ്രധാനമായി അറിയപ്പെടുന്ന ആലപ്പുഴ ജില്ലയിലെ ഹരിപ്പാടിനടുത്ത് മുട്ടം എന്ന സ്ഥലം പാരമ്പര്യമായി വിദ്യാഭ്യാസവും കുടുംബമഹിമയുമുള്ള ആദക്കാട്ട് കുടുംബത്തിലെ അദ്ധ്യാപകരുടെ 4 മക്കളിൽ ഒരുവനായി ബെഞ്ചമിൻ ജനിച്ചു.

ജനനത്തിൽ തന്നെ ഓമന പേര് ഷാജി എന്നും വിദ്യാഭ്യാസത്തിനായി കടന്നുപോയപ്പോൾ ബെഞ്ചമിൻ എന്നും പേരായി. ക്രിസ്തീയ വിശ്വാസപ്രകാരം ബെഞ്ചമിൻ എന്നറിയപ്പെടുന്നത് ഒരു ഗോത്രത്തെയാണ്. എന്നാൽ തനിക്കും ആ പേര് ദൈവം നൽകി മാനിച്ചു എന്ന് പറയുന്നതിൽ സന്തോഷമുണ്ട്.

മാതാവും പിതാവും അദ്ധ്യാപകരായിരുന്നതിനാൽ മക്കളെയും അവർ ആവുന്നിടത്തോളം പഠനത്തിൽ ശ്രദ്ധ പുലർത്തിപ്പിക്കുവാൻ പരിശീലിപ്പിച്ചു. പിതാവ് മർത്തോമ്മാ സ്കൂളിൽ നിന്നും ഹെഡ്മാസ്റ്ററായി പിരിഞ്ഞു. മാതാവ് ഗവൺമെന്റ് സ്കൂളിൽ ഹെഡ്മാസ്റ്ററായും സേവനമനുഷ്ഠിച്ചു പിരിയുകയുണ്ടായി.

### 2. വിദ്യാഭ്യാസം

ഒന്നാം ക്ലാസ്സു മുതൽ പത്താം ക്ലാസുവരെ ഹരിപ്പാട് വി.എച്ച്.എസ് സ്കൂളിലും, ടി.കെ.എം. കോളേജിൽ പ്രീഡിഗ്രിയും തുടർവിദ്യാഭ്യാസത്തിനായി ബി.കോം പ്രൈവറ്റായും പഠിച്ചു. ഇതിനോടൊപ്പം നന്ത്യാർകുളങ്ങരെയുള്ള ഐ.ടി.എയിൽ പഠനം നടത്തി മൂന്ന് വർഷം നാട്ടിൽ ഐ.ടി.എ ഇൻസക്ടറായി ജോലി ചെയ്തു.

### 3. അമേരിക്കയിൽ വരാനുള്ള കാരണം

തന്റെ അമ്മയുടെ സഹോദരി (കൊച്ചമ്മ) ദീർഘനാളുകൾക്ക് മുമ്പ് അമേരിക്കയിൽ സ്ഥിരതാമസമായിരുന്നു. അങ്ങനെ തന്റെ മാതാവിനും പിതാവിനും ഫയൽ ചെയ്തു അങ്ങനെയാണ് അമേരിക്കയിൽ വരാൻ കാരണം. എന്റെ 2 സഹോദരങ്ങളും ഫിലാദൽഫിയ എന്ന സ്ഥലത്ത് താമസിക്കുന്നു. ഒരാൾ മാവേലിക്കരയിലും ഇപ്പോൾ താമസിക്കുകയാണ്. ഞങ്ങൾ ഇവിടെ വന്നതിനുശേഷം മാതാപിതാക്കൾ നാട്ടിൽ തിരിച്ചു പോയി മുട്ടത്ത് ഇപ്പോൾ താമസിക്കുന്നു.

### 4. വിവാഹം, മക്കൾ

തിരുവല്ലയിൽ പാലിയേക്കര പള്ളിയുടെ അടുത്ത് കീച്ചേരി കെ. വി. തോമസ് ദമ്പതികളുടെ മകൾ ശോഭയെ വിവാഹം ചെയ്തു. ശോഭ വെല്ലൂർ മെഡിക്കൽ കോളേജിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ വിവാഹം നടന്നു.

വിവാഹത്തോടുള്ള ബന്ധത്തിൽ അനുഗ്രഹിക്കപ്പെട്ട ഭാവി ദൈവം ദാനമായി നൽകുകയും 3 മക്കളെ ദൈവം തരികയും ചെയ്തു. മൂത്തത് രണ്ട് പേർ ആൺമക്കളും അവസാനത്തേത് മകളുമാണ്. 3 പേരും വിവിധ സ്ഥലങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്നു. മൂന്ന് പേരും വിവിധ തരത്തിലുള്ള വാദ്യോപകരണങ്ങൾ വായിക്കുകയും പാടുകയും ചെയ്തുവരുന്നു.

### 5. ബെഞ്ചമിൻ ജോർജ്ജ് പാട്ടുകളിലേക്ക് വരുവാനുള്ള കാരണം

തന്റെ പിതാവിന്റെ പിതാവ് കാർത്തികപ്പള്ളി സ്കൂളിലെ അദ്ധ്യാപകനായിരുന്നു. അദ്ദേഹത്തിനും പാട്ടുകളോട് വലിയ കമ്പമായിരുന്നു. അപ്പച്ചൻ വളരെ കാലങ്ങൾക്ക് മുമ്പ് മരിച്ചു. തന്റെ പിതാവും പാട്ടുകളോട് തൽപരനായിരുന്നു. എന്നെ നിർബന്ധിച്ചു കർണ്ണാട്ടിക് സംഗീതം പഠിക്കുവാനായി ഹരിപ്പാട്ട് തങ്കപ്പൻ ഭാഗവതരുടെ അടുക്കൽ പതിവായി അയക്കുമായിരുന്നു. അങ്ങനെ ഹാർമോണിയം പഠിച്ചു. ഇപ്പോൾ ഹാർമോണിയം, കീബോർഡ്, അക്കോഡിയം എന്നിവ അനായാസം ഉപയോഗിക്കും.

### 6. പാട്ട് സി. ഡി. ഇറക്കുവാനും പുറംലോകം അറിയുവാനുമുള്ള കാരണം

ചെറുപ്രായത്തിലെ പാട്ടുകളോട് വലിയ ഇഷ്ടമായതിനാൽ കൊച്ചുംനാളുമുതൽ പാട്ടു എഴുതും പാട്ടു കേൾക്കും ഒരു പ്രാവശ്യം പാട്ടുകേട്ടാൽ ഇഷ്ടമാണ് എങ്കിൽ പലവട്ടം മാറിമാറി കേൾക്കും. എല്ലാ പാട്ടുകളോടും താൽപര്യമില്ല. ചിലത് ഹൃദയത്തിൽ പതിഞ്ഞാൽ അത് വളരെ ഇഷ്ടമായിരിക്കും. ഞാൻ വളരെ താമസിച്ചു ഉറങ്ങുന്ന വ്യക്തിയാണ്. അതുപോലെ രാവിലെ താമസിച്ചുമാത്രമേ എഴുന്നേൽക്കുകയുമുള്ളു.

ഒരു ദിവസം വെളുപ്പിനെ 4 മണിയോടടുത്ത് ഞാൻ കിടക്കയിൽ നിന്നും ഒരു പാട്ടുപാടി കൊണ്ട് എഴുന്നേൽക്കുകയാണ്. അന്നുവരെ പാടാത്ത ചില വരികൾ (ഈ പാട്ട് യൂട്യൂബിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. https://www.youtube.com/watch?v=01KkvLXliog എന്ന ലിങ്കിൽ ലഭിക്കും).

ഇതിനോടുള്ള ബന്ധത്തിലാണ് തിരുമഹത്വം എന്ന ഓഡിയോ സി.ഡി പുറത്തിറക്കിയത്. ഇതിൽ 4 ക്രിസ്തുമസ് പാട്ടുകളും 8 ആരാധനാഗീതങ്ങളും അടങ്ങിയിട്ടുണ്ട്. തിരുമഹത്വം സി.ഡിയിൽ നിന്നും ലഭിക്കുന്ന മുഴുവൻ തുകയും ചാരിറ്റിക്ക് വേണ്ടിയാണ് ഉപയോഗിക്കുന്നത്. സി.ഡിയിൽ വില കൊടുത്തിട്ടില്ലായെങ്കിലും ന്യായമായ വില ഇതിന് ലഭിക്കാറുമുണ്ട്.

ഇനിയും ചില സി.ഡികൾ ഇറക്കുവാനും ആഗ്രഹമുണ്ട് 'തിരുകൃപ' എന്ന നാമത്തോടുള്ള ബന്ധത്തിൽ നാട്ടിൽ നിന്നും ചെയ്യുവാനാണ് ആഗ്രഹം. അതിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്തു വരികയാണ്. ഈ വർഷം തന്നെ ചെയ്യുവാൻ മനസ്സിൽ ആഗ്രഹമുണ്ട്.

### 7. മാധ്യമങ്ങളോടുള്ള വാക്കുകൾ

മിക്ക മാധ്യമങ്ങളും അതിപ്രസരം കാണിക്കുന്നു എന്നതാണ് തന്റെ അഭിപ്രായം. ഓഡിയോയും, വീഡിയോയും, പത്രങ്ങളും വേണ്ടതിനും വേണ്ടാത്തതിനും സാക്ഷ്യം വഹിച്ചു മാധ്യമധർമ്മം നഷ്ടപ്പെടുത്തുന്നുവെന്നും താൻ ചിരിച്ചുകൊണ്ട് പറയുകയുണ്ടായി.

**ചെറുപ്രായത്തിലെ പാട്ടുകളോട് വലിയ ഇഷ്ടമായതിനാൽ കൊച്ചുംനാളുമുതൽ പാട്ടു എഴുതും പാട്ടു കേൾക്കും ഒരു പ്രാവശ്യം പാട്ടുകേട്ടാൽ ഇഷ്ടമാണ് എങ്കിൽ പലവട്ടം മാറിമാറി കേൾക്കും. എല്ലാ പാട്ടുകളോടും താൽപര്യമില്ല. ചിലത് ഹൃദയത്തിൽ പതിഞ്ഞാൽ അത് വളരെ ഇഷ്ടമായിരിക്കും.**



പാസ്റ്റർ സന്തോഷ് ജോസഫ്



# വിദ്യാർഥികൾക്കും മാതാപിതാകൾക്കും ചില പ്രായോഗിക നിർദ്ദേശങ്ങൾ

ഇന്നത്തെ കുട്ടികൾ ഭാവിയുടെ വാഗ്ദാനങ്ങൾ ആണ്. നാളെ സഭയുടെയോ സമൂഹത്തിന്റെയോ രാഷ്ട്രത്തിന്റെയോ അത്യുന്നത സ്ഥാനങ്ങളിൽ എത്തേണ്ടവരാണ് അവർ. കുട്ടികളുടെ ശോഭനമായ ഭാവിയാണ് എല്ലാവരും ആഗ്രഹിക്കുന്നത്. അവരെപ്പറ്റിയുള്ള മാതാപിതാക്കളുടെ പ്രതീക്ഷകളെക്കാൾ വളരെ വലുതാണ്, അവരെക്കുറിച്ചുള്ള ദൈവത്തിന്റെ സ്വപ്നങ്ങൾ. എന്നാൽ മാതാപിതാക്കളുടെ പ്രതീക്ഷകളും ദൈവിക സ്വപ്നങ്ങളും നിറവേറ്റപ്പെടണമെങ്കിൽ, കേവലം പാഠപുസ്തക അറിവുമാത്രം മതിയാവില്ല. ദൈനംദിന ജീവിതത്തിൽ അനുവർത്തിക്കേണ്ട അനേകം പ്രായോഗിക കാര്യങ്ങൾക്കൂടി ശീലിക്കേണ്ടിയിരിക്കുന്നു.

ക്രമീകൃതവും കൃത്യനിഷ്ഠയുമുള്ള ജീവിതശൈലിയും കർമ്മപദ്ധതിയും തയാറാക്കി മുമ്പോട്ടു പോകുന്നത് ലക്ഷ്യസാക്ഷാത്കാരത്തിനും ദൈവീക പദ്ധതിയുടെ ആവിഷ്കാരത്തിനും പ്രയോജനപ്പെടും. ഭൂമിയിൽ ലഭിച്ചിരിക്കുന്ന ഒരേയൊരു ജീവിതം സുന്ദരവും സുരഭിലവും ആയി മാറുന്നത് ലളിതവും പ്രായോഗികവുമായ ചുവടുകളിലൂടെ, നല്ല സ്വഭാവവും പെരുമാറ്റരീതിയും സംഭാഷണശൈലിയുമൊക്കെ രൂപപ്പെടുത്തുന്നതു മൂലമാണ്. ചൊട്ടയിലെ ശീലം ചുടലവരെ എന്ന പഴമൊഴിയുടെ അർഥവ്യാപ്തി വളരെ വലുതാണ്. ചെറുപ്പത്തിൽ തന്നെ കുട്ടികളെ നല്ല ശീലങ്ങളും നല്ല സ്വഭാവങ്ങളും പഠിപ്പിക്കുകയാണെങ്കിൽ അവർ എല്ലാ രീതിയിലും മിടുക്കന്മാരായിത്തീരും. കുട്ടികളുടെ അത്തരമൊരു വളർച്ചയ്ക്ക് മാതാപിതാക്കളാണ് ഉത്തരവാദിത്വം വഹിക്കേണ്ടത്.

സ്കൂളിൽ പോകുന്ന കുട്ടികളുടെ സമ്പൂർണ്ണ വളർച്ചയ്ക്ക് ആവശ്യമായ ചില പ്രായോഗിക നിർദ്ദേശങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്.

## 1. ടൈം ടേബിൾ

ഒരു ദിവസം മുഴുവൻ എങ്ങനെ ചിലവഴിക്കണം, എന്തെല്ലാം ചെയ്യണം എന്നു കാണിക്കുന്ന ദൈനംദിന ടൈംടേബിൾ വിദ്യാർഥികൾക്കും മാതാപിതാക്കൾക്കും പ്രയോജനപ്രദമാണ്. സമയത്തെ ഫലപ്രദമായി ഉപയോഗിക്കണമെങ്കിൽ ഓരോ ദിവസവും ചെയ്യുവാൻ പോകുന്ന കാര്യങ്ങൾ മുൻകൂട്ടി പ്ലാൻ ചെയ്യണം, രാവിലെ എപ്പോൾ എഴുന്നേൽക്കണം, ഏതെല്ലാം വിഷയങ്ങൾ പഠിക്കണം തുടങ്ങി വൈകിട്ട് സ്കൂളിൽ നിന്ന് തിരികെ വന്നതിനുശേഷം ഉറങ്ങുന്നതുവരെയുള്ള സമയം എങ്ങനെ ക്രമീകരിക്കണം എന്നിത്യാദി കാര്യങ്ങൾ സമയാധിഷ്ഠിതമായി പ്ലാൻ ചെയ്യുവാൻ വിദ്യാർഥികൾക്കും മാതാപിതാക്കൾക്കും കഴിയണം. സമയം വെറുതെ കളയാതിരിക്കുവാനും അലസരായി മാറാതിരിക്കുവാനും ടൈംടേബിൾ സഹായകമാകും. ഉത്തരവാദിത്ത ബോധത്തോടും ലക്ഷ്യപ്രാപ്തിയോടും കാര്യങ്ങൾ ചെയ്യണമെങ്കിൽ ഓരോ ദിവസവും സമയം നല്ലവണ്ണം ഉപയോഗിക്കാൻ പഠിക്കണം.

ടൈംടേബിൾ ഉണ്ടാക്കുമ്പോൾ, രാവിലെ ഒരു കാര്യം ചെയ്യണം അല്ലെങ്കിൽ വൈകിട്ട് മറ്റൊരു കാര്യം ചെയ്യണം എന്നു മാത്രം തീരുമാനിക്കാതെ, ഓരോ കാര്യങ്ങളും എത്ര മണിമുതൽ എത്ര മണി വരെ ചെയ്യണം എന്നാണ് പ്ലാൻ ചെയ്യേണ്ടത്. അര മണിക്കൂർ വീതമോ ഓരോരോ മണിക്കൂർ വീതമോ ഒരു കാര്യം ചെയ്യാൻ നീക്കിവച്ചാൽ, എല്ലാ കാര്യങ്ങൾക്കും സമയം കണ്ടെത്താൻ കഴിയും. വെറുതേ പാഴാക്കുന്ന സമയങ്ങൾ കണ്ടെത്തുകയും അവ ഫലപ്രദമായ രീതിയിൽ വായനയ്ക്കോ ഹോബിക്കോ മാറ്റിവയ്ക്കേണ്ടതാണ്.

## 2. പഠനസമയം

ഉന്നത വിജയം നേടുവാൻ നല്ലവണ്ണം പഠിക്കണം. അതിനുവേണ്ടി ആദ്യം ചെയ്യേണ്ടത് ആവശ്യത്തിനുള്ള പഠന സമയം കണ്ടെത്തുക എന്നതാണ്. പഠിക്കുവാൻ ഏറ്റവും നല്ല സമയം രാവിലെയാണ്. വൈകുന്നേരമോ രാത്രിയിലോ പഠിക്കുവാൻ ഇരുന്നാൽ പെട്ടെന്ന് ക്ഷീണിതരായി തീരുവാൻ സാധ്യതയുണ്ട്. അതുകൊണ്ട് വൈകുന്നേരങ്ങളിൽ ഗൃഹപാഠങ്ങൾ, എഴുത്ത്, വര തുടങ്ങിയ കാര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്നത് ഉത്തമം. രാവിലെ എഴുന്നേറ്റ് പഠിക്കാനിരിക്കുമ്പോൾ, മനസ് വളരെ ശാന്തമായിരിക്കും. മാത്രമല്ല പുത്തൻ ഉന്മേഷത്തോടെയും ചുറുചുറുക്കോടെയും പഠിക്കുവാനുള്ള ആവേശവും പ്രഭാതത്തിൽ ഉണ്ടായിരിക്കും. അപ്പോൾ പഠിക്കുന്ന കാര്യങ്ങൾ വേഗം മനസിലാക്കുവാനും ഓർമയിൽ സൂക്ഷിക്കുവാനും കഴിയും. രാത്രിയിൽ വളരെ വൈകി പഠിക്കുന്നതിനെക്കാൾ രാവിലെ നേരത്തെ എഴുന്നേറ്റ് പഠിക്കുന്നതാണ് നല്ലത്.

ഇഷ്ടം പോലെ ഉറങ്ങുവാൻ എല്ലാ വിദ്യാർഥികൾക്കും ആഗ്രഹമുണ്ട്. എന്നാൽ സ്കൂൾ ദിനങ്ങൾ ഉറങ്ങി കളയുവാനുള്ളതല്ല. മുതിർന്ന ക്ലാസുകളിലേക്ക് ജയിച്ചു വരുമ്പോൾ കൂടുതൽ പഠിക്കുവാൻ ഉള്ളതുകൊണ്ട് പഠനത്തിന് അധികം സമയം കണ്ടെത്തേണ്ടിയിരിക്കുന്നു. വിദ്യാർഥികൾ എട്ടു മണിക്കൂറെങ്കിലും ഉറങ്ങേണ്ടത് ആവശ്യമാണ്. എന്നാൽ ഒരു ദിവസം ഏറ്റവും കുറഞ്ഞത് ആറോ ഏഴോ മണിക്കൂറുകൾ ഉറങ്ങിയാലും മറ്റ് അസുഖങ്ങൾ ഒന്നുമില്ലെങ്കിൽ ശാരീരികമായി ഫിറ്റ്നെസ് കാത്തുസൂക്ഷിക്കാവുന്നതാണ്. മുതിർന്ന ക്ലാസുകളിലെ കുട്ടികൾ ഏഴു മണിക്കൂർ മാത്രം ഉറങ്ങുന്നതിൽ പ്രശ്നമില്ല. വിദ്യാർഥികളുടെ ഉറക്കസമയം വൈകിട്ട് പത്തുമുതൽ പുലർച്ചെ അഞ്ച് മണിവരെയോ, പതിനൊന്ന് മണിമുതൽ ആറ് വരെയോ ക്രമീകരിക്കുന്നതിൽ പ്രശ്നങ്ങളില്ല. എങ്ങനെയായിരുന്നാലും ഏഴോ, എട്ടോ മണിക്കൂർ ഉറക്കം ലഭിക്കുന്നത് ശരീരത്തിനും മനസിനും ഉന്മേഷമേകും. എട്ടുമണിക്കൂറിൽ കൂടുതൽ ഉറങ്ങുന്നത് അലസതയുടെയും മടിയുടെയും ലക്ഷണമാണ്.

## 3. കളിസമയം

പഠിക്കുന്ന വിദ്യാർഥികൾക്ക് ശാരീരിക ക്ഷമത ആവശ്യമാണ്. അതിനുവേണ്ടി എല്ലാ ദിവസവും അര മണിക്കൂറോ ഒരു മണിക്കൂറോ ഏതെങ്കിലും കളികളിൽ ഏർപ്പെടുന്നത് ഉത്തമമാണ്. ക്യാരംസ്, ചെസ് തുടങ്ങിയ കളികൾ മാനസികവും ബുദ്ധിപരവുമായ വികാസത്തിനുതകുമെങ്കിലും, അവ ശാരീരിക ക്ഷമത വർധിപ്പിക്കുന്നില്ല. എന്നാൽ ശാരീരിക ക്ഷമതാ വർധനയ്ക്ക് ഉതകുന്ന കളികൾ വിദ്യാർഥികൾ തിരഞ്ഞെടുക്കണം. ക്രിക്കറ്റ്, ബാസ്ക്കറ്റ് ബോൾ, വോളിബോൾ തുടങ്ങി ശാരീരികമായി പ്രയോജനപ്പെടുന്ന കളികളിലേർപ്പെടുന്നത് മാനസികവും ശാരീരികവുമായ ഉന്മേഷത്തിന് ഇടയാക്കും. കളികളിൽ ഏർപ്പെടുമ്പോൾ മുറിവുകളോ ക്ഷതമോ ചതവോ ഉണ്ടാകാതെ കളിക്കാൻ വളരെ ശ്രദ്ധിക്കണം. അഥവാ അങ്ങനെ സംഭവിച്ചാൽ അപകടത്തിന്റെ കാഠിന്യമനുസരിച്ച് ഒരു അധ്യയന വർഷം തന്നെ നഷ്ടമാകുവാൻ സാധ്യതയുണ്ട്. സ്പോർട്സിൽ അഭിരുചി ഉണ്ടെങ്കിൽ ഇന്ന് നല്ല കായിക ഭാവി ലഭ്യമാണ്. എങ്കിൽ തന്നെയും പഠനത്തിനു കൊടുക്കേണ്ട മുൻതൂക്കം ഒരിക്കലും നഷ്ടപ്പെടുത്തരുത്. സ്പോർട്സിൽ ഉയരുവാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ പഠനത്തിലും അതേ ഉയർച്ചയ്ക്കുവേണ്ടി ശ്രമിക്കണം. സ്പോർട്സ് ഒരിക്കലും പഠനത്തിന് തടസമാകരുത്.

## 4. സ്കൂളിൽ

എല്ലാ ദിവസവും സ്കൂളിൽ പോകാൻ ശ്രദ്ധിക്കുക. ചെറിയ കാര്യങ്ങൾക്കുപോലും തുടർമാനം ക്ലാസുകൾ മുടക്കുന്നത് പഠനത്തോടുള്ള വിരക്തി വർധിപ്പിക്കും. കൂടാതെ ക്ലാസിൽ പഠിപ്പിക്കുന്ന പാഠങ്ങൾ നഷ്ടപ്പെടാനും സാധ്യതയുണ്ട്. അതുകൊണ്ട് ചെറിയ കാര്യങ്ങൾക്കു വേണ്ടിയോ അനാവശ്യമായോ പഠനം ഒരു കാരണവശാലും മുടക്കരുത്. പാഠപുസ്തകത്തിലെ മാത്രം പഠിക്കുന്ന ഒരു പഠനക്കളരിയല്ല സ്കൂൾ. ജീവിതത്തിന്റെ പരിശീലനക്കളരി കൂടിയാണ് സ്കൂൾ. അവിടെ വച്ചാണ് ഒരു ജീവിതത്തിനാവശ്യമായ എല്ലാ കാര്യങ്ങളും പഠിക്കുന്നത്. നല്ല സ്വഭാവം, നല്ല സംസ്കാരം, നല്ല ഇടപെടൽ, നല്ല പെരുമാറ്റം തുടങ്ങി നല്ല ഒരു വ്യക്തിത്വത്തിനാവശ്യമായ എല്ലാ കാര്യങ്ങളും സ്കൂളിൽ നിന്നാണ് ഒരു വിദ്യാർഥി പഠിക്കുന്നത്.

നല്ല ബന്ധങ്ങളിലൂടെ സാഹോദര്യവും സൗഹൃദവും സ്നേഹവും സൗമ്യതയുമെല്ലാം മനസിലാക്കുകയും അവ കെട്ടിയുയർത്തുകയും ചെയ്യാനുള്ള കൊച്ചുവേദി കൂടിയാണ് സ്കൂൾ ജീവിതം. സ്കൂളിൽ വച്ച് നല്ല സുഹൃത്തുക്കളെ മാത്രം തിരഞ്ഞെടുക്കുക. പഠനത്തിനു പ്രോത്സാഹനം നൽകുകയും മറ്റു കുട്ടികളെ പഠനത്തിൽ സഹായിക്കുവാനും പഠിക്കുവാനും ശ്രമിക്കുക. സ്കൂളിലെ ഒഴിവുനേരങ്ങളിലോ ഉച്ചയ്ക്കോ വിശ്രമസമയങ്ങളിലോ സമയം പാഴാക്കാതെ ലൈബ്രറിയോ മറ്റു പഠനകാര്യങ്ങളോ, ഹോബിയോ, ഭംഗിയായി ഉപയോഗിക്കാൻ ശ്രദ്ധിക്കണം.

*(തുടരും)*






കവിത

# മറ്റൊരു മുറിവ്

ടി. ആർ. വിൻസെന്റ്



മുറിവേറ്റ മരമേ
നിന്റെ തായ്‌വേരിൽ
കോടാലി വീഴുന്നുവോ
അവിടെ ആഴത്തിൽ
മുറിവേറ്റ്, ചോരയും
നീരും ഒഴുകുന്നുവോ
നിന്നെ കുട ചൂടി നിന്നവരും
നിന്നെ തണൽ ചാരി വന്നവരും
നിഷ്ക്കരുണം
നിന്റെ ഘാതകരായി
നാളെയുള്ള കുളിരിൽ
നിന്റെ ഇലത്താളം
ഞാൻ കേൾക്കയില്ല
എന്റെ വഴിയിൽ
നീ കുടയായി നിൽക്കില്ല
എന്റെ മനസ്സിൽ
മറ്റൊരു മുറിവായി
ആഘാത വേദനയായി
നീ മാഞ്ഞുപോകും
മുറിവേറ്റ മരമേ
നിന്റെ തായ്‌വേരിലേറ്റത്
എന്റെ മനസിലും
കൊണ്ടിരിക്കുന്നു

Landway Health Tips



## നാരങ്ങാനീരിലുള്ള അപകടം

സൗന്ദര്യസംരക്ഷണത്തിനും ആരോഗ്യസംരക്ഷണത്തിനും നാരങ്ങ സഹായിക്കുമെന്ന് നമുക്കറിയാം. മാത്രമല്ല നാരങ്ങാവെള്ളം നമ്മൾ ഈ കാലത്ത് നല്ലതുപോലെ കഴിക്കാറുമുണ്ട്. എന്നാൽ നാരങ്ങാ വെള്ളമല്ല ശുദ്ധമായ നാരങ്ങ നീര് തന്നെയാണ് നമുക്ക് പ്രശ്നങ്ങളുണ്ടാക്കുന്നത് എന്നതാണ് സത്യം. എന്നാൽ നാരങ്ങാ ജ്യൂസ് കഴിയ്ക്കുന്നത് ആരോഗ്യത്തിന് നല്ലതാണ്. പക്ഷേ നാരങ്ങാ നീരിന്റെ ഉപയോഗം അൽപം സൂക്ഷിച്ചു വേണം. എന്തൊക്കെ ആരോഗ്യ പ്രശ്നങ്ങളാണ് നാരങ്ങാ നീരിന്റെ ഉപയോഗം ഉണ്ടാക്കുന്നതെന്ന് നോക്കാം.

1. പല്ലിനുണ്ടാക്കുന്ന പ്രശ്നങ്ങൾക്ക്: നാരങ്ങ നീര് പലരും പല്ലിനെ വെളുപ്പിക്കാൻ വേണ്ടി ഉപയോഗിക്കാറുണ്ട്. എന്നാൽ ഇത് ഇനാമലിന് തേയ്മാനമുണ്ടാക്കുകയും പല്ലിന്റെ നിറത്തെ പ്രതികൂലമായി ബാധിയ്ക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഇനി നാരങ്ങാ നീര് ഉപയോഗിക്കുമ്പോൾ അൽപം ശ്രദ്ധിക്കുന്നത് നല്ലതാണ്.

2. നെഞ്ചെരിച്ചിൽ ഉണ്ടാകുന്നതിന്: നാരങ്ങാ നീര് കാരണമാകുന്നു. നാരങ്ങയിലെ സിട്രിക് ആസിഡ് ആണ് ഈ പ്രശ്നത്തിന് കാരണക്കാരൻ. നാരങ്ങാ വെള്ളം ഇതിന് നല്ലതാണ്. എന്നാൽ ഇതിൽ ചേർക്കുന്ന നാരങ്ങാ നീരിൽ അൽപം ശ്രദ്ധ ആവശ്യമാണ്.

3. വയറുവേദനയും ഉണ്ടാകുന്നതിന്: കട്ടൻചായയിൽ നാരങ്ങാ നീര് മിക്സ് ചെയ്ത് കഴിയ്ക്കുന്നത് വയറുവേദനയെ ഇല്ലാതാക്കുന്നു. അപ്പോൾ തന്നെ വയറുവേദനയുടെ പേരിൽ നാരങ്ങാ നീര് കഴിയ്ക്കുമ്പോൾ അത് വയറുവേദനക്കും കാരണമാകുന്നു.

4. നിർജ്ജലീകരണം വേനൽക്കാലത്ത്: വലിയ ആരോഗ്യപ്രശ്നങ്ങൾ തന്നെയാണ് സൃഷ്ടിക്കുന്നത്. ചെറു നാരങ്ങയിൽ അടങ്ങിയിട്ടുള്ള വിറ്റാമിൻ (സി) ഇടയ്ക്കിടയ്ക്കുള്ള മൂത്രശങ്കയ്ക്കും ഇടയാക്കുന്നു. അതുകൊണ്ടു നാരങ്ങാ നീര് കൂടുതലായാൽ മൂത്രശങ്ക കൂടുകയും ഇത് നിർജ്ജലീകരണത്തിന് കാരണമാകുകയും ചെയ്യുന്നു.

5. മുഖക്കുരു മാറില്ല: മുഖക്കുരു മാറാനും മുഖത്ത് നിറം വർദ്ധിക്കാനും നാരങ്ങാ നീര് പുരട്ടുന്നവരുണ്ട്. എന്നാൽ ഇത് കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാക്കുകയാണ് ചെയ്യുന്നത്. നാരങ്ങാ നീര് മുഖക്കുരു ഉണ്ടാക്കുകയും കൂടുതൽ സൗന്ദര്യപ്രശ്നങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു.

6. ചർമ്മത്തിന്റെ വരൾച്ചയ്ക്കു കാരണം: നാരങ്ങാ നീരാണ് പലപ്പോഴും. ഇത് ചർമ്മത്തെ കൂടുതൽ വരണ്ടതാക്കുകയും അലർജി പോലുള്ള പ്രശ്നങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു.

7. കിഡ്നിയെ പ്രശ്നത്തിലാക്കുന്നു: നാരങ്ങാ നീരിന്റെ അമിതോപയോഗം പലപ്പോഴും കിഡ്നിയെയും പ്രശ്നത്തിലാക്കുന്നു. അതുകൊണ്ട് നാരങ്ങാ നീര് ഉപയോഗിക്കുന്നത് അൽപം കുറയ്ക്കുന്നതാണ് നല്ലത്.

**DON'T BE LIKE THAT BONSAI TREES JUST ONLY HAVING A LEAFY SHOW THAT MAKES IT A PRETTY SHRUBBERY THAT PLEASES ONLY THE EYE, BUT BE LIKE A TREE PLANTED BESIDE WATER THAT STRETCHES OUT ITS ROOT TO THE STREAM AND BRINGS FORTH FRUIT TO SATISFY MANY THOSE WHO ARE FAMISHED.**



# BARREN BONSAI TREES!



James Koshy George

Bonsai is a tree or plant grown in a container to resemble a full grown tree on a miniature scale. A Bonsai is in fact a beautiful miniaturized tree. Bonsai is a Japanese pronunciation of the earlier Chinese term 'penzai '.The word Bonsai is often used in English as an umbrella term for all tiny trees in containers or pots. Basically bonsai are of two types. Natural and Artificial Bonsai. Sometime we find some very old trees present at the mountain cliffs and crevices, where space water and nutrients are restricted therefore the tree become dwarfs. They are called as Natural Bonsai.

Where as same conditions can be artificially made and bonsai can be created. In addition roots and branches are pruned regularly to make the miniature beautiful. This technique was first of all adopted by Japan, so it is an art of Japan Beautiful miniature, landscapes can also be created by arranging more bonsai on a table with an artistic sense.

***1. Bonsai trees are meant for a show***

The purposes of Bonsai are primarily for observation of the viewers, in contrast with other plant cultivation practices, bonsai is not intended for production of food, for medicine, or for creating yard size or park size gardens, and instead bonsai practice focuses on long term cultivation and shaping of one or more small trees growing in a container.

God has called each of us to bear spiritual fruit. God never likes us to grow like a bonsai tree, He has given a capacity of a huge growth as in a seed, never allow others to make our abilities and talents as a show for them. It must be tasty for others life, not a show. If we want to be a taste for others we need to bring forth the fruit. Leafy trees are just only a show. Never allow others to make us to grow in their container or pot, but we are chosen to grow in God's garden.

God knows our capacity. Grow according to our master's will not according to the pruner's will. The pruner likes to hamper you in their pot, they will chop your roots, cutting off large branches and they will prune out some of the green growth and that each cut seemed destructive. But your Master likes you to grow like a tree planted near a river and bring forth the fruit. Jesus doesn't want us to be a leafy tree. It is not enough to look good from a distance. Jesus is looking for fruit in the lives of His people. Every tree that does not bear good fruit will cut down.

***2. Christians are not to be like indoor bonsai trees.***

We know that as Plant grows, their roots grow too. And for bonsai, their roots are in a small pot, so if their roots overgrow, they block out everything else in the pot and they grows large in size. In order to prevent such growth in the pot they use to trim the roots, cut off roots that grow upward and any thick roots that are growing down. So that the tree keeps the shape.

But Bible says the righteous will flourish like a palm tree not like a bonsai tree. The prophet Jeremiah expressed one of the most beautiful analogies in the Old Testament, comparing the faith – filled person with a strong flourishing tree." Blessed is the man who trusts in the Lord. He is like a tree planted beside water that stretches out its root to the stream. It fears not the heat when it comes its leaves stay green. In the year of drought it shows no distress, but still bears fruit" (Jer. 17:7 -9). The purpose and function of the root system of a tree is so significant. The root system serves to guarantee the existences of the whole tree. Without roots, a tree simply could not even survive. One of the roots function is to anchor the tree in the soil, providing stability and a firm base for the entire structure of the trunk, branches, leaves and fruit. A trees longest root may reach as deep in the earth as the tree is tall.

Another purpose of the roots is too take up water and minerals from the soil, synthesizing food and growth regulators that are transmitted through the woody portions of the roots to the trunk. More substantial roots are actually covered with thousands of finer roots and root hairs which increase the absorbing surface of the main roots and come in contact with a tremendous volume of soil and nutrients. In the climate of Palestine tree and plant life are often threatened by heat and drought. when we realize this, we can better appreciate the beauty and spiritual reality of Jeremiahs analogy of a man's trust in the lord being like a tree whose roots sustain it in adverse conditions. "It fears not the heat when it comes, it leaves stay green and bear fruit. We are called to flourish like a palm tree.

***3. Be productive trees in Gods Garden.***

We know Bonsai tree brings forth no fruit, bonsai trees are unproductive, and it looks same even after many years. No change at all. Bonsai trees are prohibited from growing according to their God – given capacity. Pruner is hurting it from its original growth. It is the time for all Christian believers to find out their pruners and oppressors who fasten their growth, which God had exactly planned for them. Growing in this world is something, but growing in God and in His grace is better than that something. In the eyes of God are we really grown up, or growing? Or growing like an indoor bonsai tree? Today's Christians don't have the zeal to grow like a fruitful tree, they are satisfied to be in a container, and they are chocked by the devil from bearing fruit. They say that inside the container they are getting all they need like water, food, manure etc... We Christians are not suppose to be satisfied with what we have, but by giving others what we have. Unless bearing fruit what we can give for others? Also the fruit should contain a seed which creates another production. Fruit is to eat and seed is to sow.

This challenges us to examine our own lives and relationship with the Lord Jesus. Our responsiveness to His call and how we use of the talents He has given us. We should ask ourselves what Jesus would find in our lives if he were to come seeking fruit. Jesus, in the synoptic Gospels, went to a fig tree looking for food to eat. When He saw that there were no figs on the tree He cursed it. He curses a fig tree for being barren. Are we barren like Bonsai trees? Do we produce healthy growth through abiding in Jesus or is our spiritual life withering because we are not rooted in Him? Don't be like that bonsai trees just only having a leafy show that makes it a pretty shrubbery that pleases only the eye, but be like a tree planted beside water that stretches out its root to the stream and brings forth fruit to satisfy many those who are famished.

**'നല്ല ദേവനെ ഞങ്ങൾ എല്ലാവരെയും നല്ലതാക്കി നിൻ ഇഷ്ടത്തെ ചൊല്ലീടേണമേ'...**

# ജോൺ ഈശോ, മുല്ലശ്ശേരി

മഹത്തായ ക്രൈസ്തവ പാരമ്പര്യമുള്ള പുരാതന കുടുംബമായ പാണ്ടനാട് മുല്ലശ്ശേരി കുടുംബത്തിൽ 1874 ഒക്ടോബർ 17 ന് ജോൺ ഈശോ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ഇംഗ്ലീഷ് വിദ്യാഭ്യാസവും കഴിഞ്ഞു. വിവിധ മേഖലകളിൽ ജോലി ചെയ്തിരുന്നതിനാൽ വ്യത്യസ്ത ജാതിമതസ്ഥരുമായ് ഇടപഴകി പല ദേശങ്ങളിൽ താമസിക്കുകയും ചെയ്തിരുന്നു. ഹെൽത്ത് ഇൻസ്പെക്ടർ ട്രെയിനിംഗ് കഴിഞ്ഞ് ആദ്യം നീലഗിരിയിലെ ഊട്ടിയിൽ പ്ലേഗ് ഇൻസ്പെട്കറായി നിയമിക്കപ്പെട്ടു. തൊദൂവർ, ബഡുഗർ മുതലായ ആദിവാസികളുടെ ഇടയിൽ ആദ്യം ജോലിചെയ്തു. സുഖവാസ കേന്ദ്രമായ നീലഗിരിയിൽ വേനൽക്കാലം ചിലവഴി ക്കുവാൻ വിദേശികൾ ധാരാളം എത്തിയിരുന്നു. വേഷവും, ഭാഷയും സായിപ്പിന്റേത് പോലെ ആയിരുന്ന ഇൻസ്പെക്ടർക്ക് മിഷനറിമാരുടെ പ്രവർത്തനങ്ങളും, ആരാധനകളും സന്തോഷകരമായിരുന്നു.

സായിപ്പുമാരോടുള്ള പരിചയത്തിൽ സ്പെൻസർ കമ്പനിയുടെ മാനേജരായി ജോലി ലഭിച്ചതിനാൽ ഇൻസ്പെക്ടർ ഉദ്യോഗം ഉപേക്ഷിച്ചു. തൃശൂർ താമസിക്കുന്ന കാലത്ത് നാഗൽ സായിപ്പുമായി പരിചയപ്പെട്ടു. ആത്മാർത്ഥ സൗഹൃദം പുലർത്തിയതിനാൽ സായിപ്പിന്റെ ഗാനരചനയിൽ ആകൃഷ്ടനായി. ജർമ്മൻകാരൻ മലയാളം പഠിച്ച് പാട്ടു എഴുതുമെങ്കിൽ മാതൃഭാഷയിൽ എനിക്കും കഴിയും എന്ന ചിന്തയാണ് ഗാനരചനയ്ക്ക് ജോൺ

## പാട്ടിന്റെ വഴി

**ജർമ്മൻകാരൻ മലയാളം പഠിച്ച് പാട്ടു എഴുതുമെങ്കിൽ മാതൃഭാഷയിൽ എനിക്കും കഴിയും എന്ന ചിന്തയാണ് ഗാനരചനയ്ക്ക് ജോൺ ഈശോയെ നയിച്ചത്.**

ഈശോയെ നയിച്ചത്. 1914 – ൽ മാനേജർ ഉദ്യോഗം രാജിവച്ച് 'മലയ' സ്റ്റേറ്റിന്റെ ഇമിഗ്രേഷൻ ഇൻസ്പെകടറായി കോഴിക്കോട്ടും, തിരൂരും താമസിച്ചു. അവിടെ രണ്ടിടത്തും കുട്ടികൾക്കായി സൺഡേസ്കൂളും, മുതിർന്നവർക്ക് പ്രാർത്ഥനാ യോഗങ്ങളും ആരംഭിച്ചു. നല്ല നിലത്ത് വീണ വിത്തിന്റെ ഫലം വചനധ്യാനത്താൽ ഉളവാക്കേണ്ടതിന് ഹൃദയമാം നിലങ്ങളെ ഒരുക്കുവാൻ 23–ാം സങ്കീർത്തനം ധ്യാനിച്ചെഴുതിയ ഗാനമാണ്.

'നല്ല ദേവനേ ഞങ്ങൾ എല്ലാവരെയും.....'

ഉദ്യോഗത്തിൽ നിന്നും വിരമിച്ച് സ്വദേശമായ പാണ്ടനാട്ടിൽ പാർത്ത് ആത്മീയ കാര്യങ്ങളിൽ അതീവ തൽപരനായി പ്രവർത്തിച്ചു. ഡയബറ്റിക് രോഗിയായിരുന്നുവെങ്കിലും ഭക്ഷണക്രമവും, വ്യായാമവും, പമ്പയാറ്റിലെ മുങ്ങിക്കുളിയും മുടക്കിയിരുന്നില്ല. 78–ാം വയസ്സിൽ വളരെ ക്ഷീണിതനായി, ഇനി ഏറെ നാൾ ഇഹത്തിൽ ഇല്ലെന്ന് ഗ്രഹിച്ച ദൈവദാസൻ കിടക്കയിൽ വച്ചെഴുതിയ രണ്ടുപ്രത്യാശാ ഗാനങ്ങൾ 'ബഡ്ഡെത്ത് സോങ്ങ്, മരണശയ്യാ' എന്നറിയപ്പെടുന്നു.

'ആശ്വാസം കൊൾ ദേഹി മേലെ വിശ്വാസത്താൽ നോക്കു
യേശു നാഥൻ വിളിക്കുന്നു ക്ലേശം തീർപ്പാനായി –
യോർദ്ദാൻ നദികടക്കുമ്പോൾ......'

'ആരോ എനിക്കു സഖി പാരിലും പരത്തിലും
നീയല്ലാതാരുമെൻ യേശു ദേവാ.......'

1954 ഫെബ്രുവരി ആദ്യവാരം ഒരു ബന്ധുഗൃഹത്തിലെ വിവാഹത്തിന് പങ്കെടുത്തപ്പോൾ സഹോദരപുത്രിയോട് പറഞ്ഞു ഞാൻ ഇനി നമ്മുടെ വീടുകളിൽ ഒരു കല്യാണ സദ്യയ്ക്കും പങ്കെടുക്കാൻ ഇടയില്ല. ദൈവനിയോഗം പോലെ മക്കളെ എല്ലാം കാണാൻ ആഗ്രഹിച്ച് അവരെ വരുത്തി. ഫെബ്രുവരി 15 ന് രാവിലെ കുടുംബപ്രാർത്ഥ നയിൽ തന്റെ ഗീതങ്ങൾ അവർ ഒരുമിച്ചു പാടി. പ്രത്യാശ വചനങ്ങൾ വായിപ്പിച്ചു. ഓരോ മക്കളെയും തലയിൽ കൈവെച്ചനുഗ്രഹിച്ചു. സന്ധ്യാസമയം മൂന്നാമത്തെ മകനുമായി സംസാരിച്ചുകൊണ്ട് കട്ടിലിൽ കിടക്കുമ്പോൾ ജനലഴിയിൽ മുറുകെ പിടിച്ചിരുന്ന കൈ താനെ പിടിവിട്ടു. 'എന്താ അപ്പച്ചാ' എന്ന മകന്റെ ചോദ്യത്തിന് ആ പിതാവ് ഉത്തരം പറഞ്ഞില്ല. ഭൗമകൂടാരം ഉപേക്ഷിച്ച് ആത്മാവ് അപ്പോൾ നക്ഷത്രഗോളങ്ങൾക്ക് അപ്പുറത്തേക്ക് പറന്നു പോയിരുന്നു.




## ജൂൺ 26–ലഹരി മരുന്ന് വിരുദ്ധ ദിനം

1987 ഡിസംബർ 7–ാം തീയതി ഐക്യരാഷ്ട്ര സഭയിലെ പൊതുസഭയിൽ അവതരിപ്പിച്ച ഒരു പ്രമേയത്തിലൂടെ എല്ലാ വർഷവും ജൂൺ 26–ാം തീയതി ലോക ലഹരിമരുന്ന് വിരുദ്ധ ദിനമായി ആചരിക്കുവാൻ ഐക്യരാഷ്ട്ര സഭ ആഹ്വാനം നൽകി. അന്താരാഷ്ട്ര സമൂഹത്തെ ലഹരി മരുന്നുകളുടെ ഉപയോഗത്തിൽ നിന്നും മോചിപ്പിക്കുവാനുള്ള ലക്ഷ്യത്തോടെ രാജ്യങ്ങൾ തമ്മിൽ സഹകരിക്കുവാനും തുടർപ്രവർത്തനങ്ങൾ നടത്തുവാനുമായി എല്ലാ സർക്കാരുകളും ലഹരിമരുന്ന് നിയന്ത്രണത്തിനാവശ്യമായ രാഷ്ട്രീയ, സാമ്പത്തിക സഹായങ്ങൾ UNODC (United Nation Office on Drugs and Crime) ക്ക് നൽകുവാൻ ഈ പ്രമേയത്തിലൂടെ ഐക്യരാഷ്ട്ര സഭ ആവശ്യപ്പെട്ടു. ലഹരിമരുന്നുപയോഗം മൂലമുള്ള ആരോഗ്യത്തിന്റെ ഹാനി, വിപണനം മൂലമുള്ള സമൂഹത്തിന്റെയും രാജ്യത്തിന്റെയും സുരക്ഷിതത്വമില്ലായ്മ മുതലായ രാജ്യാന്തര പ്രശ്നങ്ങളെക്കുറിച്ചു ബോധവത്കരണം നടത്തുകയും ലഹരി മരുന്നുപയോഗം നിർത്തലാക്കുകയുമാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം.


## വിസിറ്റിംഗ് വിസ

സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈത്ത്, മസ്ക്കറ്റ്, ബഹ്റിൻ, സിംഗപ്പൂർ & മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും തൊഴിലന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്കും സമീപിക്കുക



GLOBAL CARE ESTD 1998
TRAVEL SERVICES

2nd Floor, 17/1246 C2, Pathoor Tower,
Puthiyara road, Stadium Junction, Calicut - 4
Phone: 0495-2720881, 0495 4010970, Mobile: +91 9447040281
Email: globalcalicut@gmail.com, globalcareccj@gmail.com


## ബൈബിൾ ക്വിസ് - ജൂൺ 2016

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം ഐ.പി.സി. ഹെബ്രോൻ ചർച്ച്, പന്തളം, രണ്ടാം സമ്മാനം: പാസ്റ്റർ സി. ജോണും കുടുംബവും, ന്യൂഡൽഹി**

**ജൂൺ 2016 ലെ അദ്ധ്യായങ്ങൾ : യെഹസ്ക്കിയേൽ അദ്ധ്യായം 11 മുതൽ 20 വരെ**

1. യെഹസ്ക്കിയേൽ പ്രവചിച്ചുകൊണ്ടിരിക്കുമ്പോൾ മരിച്ച വ്യക്തി ആര്?
2. എങ്ങനെ അപ്പം തിന്നണമെന്നാണ് യഹോവയുടെ അരുളപ്പാട് പ്രവാചകന് ഉണ്ടായത്?
3. സ്വന്തഹൃദയങ്ങളിൽ നിന്നും പ്രവചിക്കുന്ന പ്രവാചകന്മാരെ യഹോവ എന്തിനോടാണ് ഉപമിച്ചിരിക്കുന്നത്?
4. നീതിയാൽ സ്വന്തജീവനെ രക്ഷിച്ച മൂന്നുപേർ ആരൊക്കെ?
5. യെരുശലേമിന് ചെരിപ്പുണ്ടാക്കാൻ ഉപയോഗിച്ച തോൽ ഏത്?
6. യഥാ മാതാ തഥാ പുത്രി എന്നുള്ള പഴഞ്ചൊല്ല് യഹോവ ആരെക്കുറിച്ചാണ് പറഞ്ഞത്?
7. വലിയ ചിറകും നീണ്ട തൂവലും പലനിറമായ പപ്പും നിറഞ്ഞതുമായ കഴുകൻ ദേവദാരു ശിഖരം എടുത്തത് എവിടെ നിന്ന്?
8. അപ്പന്മാർ പച്ചമുന്തിരി തിന്നു മക്കളുടെ പല്ലുപുളിച്ചു എന്ന പഴഞ്ചൊല്ല് ഉള്ളത് എവിടെ?
9. ജാതികൾ ബാലസിംഹത്തെ കൂട്ടിലാക്കി കൊണ്ടുപോയത് ആരുടെ അടുത്തേക്കാണ്?
10. യഹോവയുടെ അരുളപ്പാട് ചോദിക്കാൻ ഏഴാമാണ്ട് അഞ്ചാം മാസം പത്താം തീയതി പ്രവാചകന്റെ മുമ്പിൽ വന്നതാർ?

• **2016 മെയ് മാസത്തിലെ ശരിയുത്തരങ്ങൾ**

1. ചുരുൾ (യെഹസ്ക്കിയേൽ 3:3), 2. നാവിനെ (3:26), 3. യെരുശലേമിൽ (4:17), 4. സമീപത്തുള്ളവൻ (6:12), 5. അസ്ഥികൾ (6:5), 6. ആഭരണങ്ങളുടെ ഭംഗി (7:20), 7. ഒരു വാതിൽ (8:8), 8. ചുള്ളി (8:17), 9. നെടുവീർപ്പിട്ട് കരയുന്ന പുരുഷന്മാരുടെ (9:4), 10. പ്രാകാരം (10:4).

• **നറുക്കെടുപ്പിലൂടെ സമ്മാനം ലഭിച്ചത്:**

*ഒന്നാം സമ്മാനം* : Mrs. Beena Biju, Pandarathil Thekkethil, Thiruvalla - 1.
*രണ്ടാം സമ്മാനം* : Mr. Robert Augasteen, Palavilayil House, Mukkuttutharayil, Ranni (Via), Pathanamthitta (Dist).

• **ശരി ഉത്തരം അയച്ചവർ**

1). Baby K. L, Kamukumcheri, Pathanapuram. 2).Beena Biju,Pandarathil Thekkethel,Thiruvalla. 3). Rajani Viswanad,Karakkattu Liju Villa,Kundamankadavu, Thiruvananthapuram. 4). Robert Agusteen, Palavilayil, Mukkuttuthara,Ranny. 5).Vinod Kumar,mangalasseriyil, Konni. 6).Shyni J.L, Ponakodu,Ottasegaramangalam. 7). Rani J. Vijayan,Mannil Kizhakkethil, Aruvikkara.8). Madhu K. V, Marongottu Veedu,Malppanamkodu, Vilappilsala. 9).Neethu Thankachan,neethu Bhavan,Punnvoor. 10). Shiny, Shiny Madiram,Thiruvavananthapuram. 11). Gracy Thankachan, IPC Bethel, Idukki. 12). Shyni Udayakumar, Karattuparampil, Ernakulam. 13). Sici Joseph, AG Church, Kothamangalam.

**നിബന്ധനകൾ**

1. എല്ലാ മാസവും 25–ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈ മെയിലിലോ, എസ്.എം.എസിലോ (9447440441) കിട്ടിയിരിക്കണം. 2. വിജയിയെ നുറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. 7. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 8. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 9. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്.

## കരുണയുടെ കരങ്ങൾ നീട്ടുമോ?



കൊച്ചിൻ: ദൈവസഭയുടെ ശുശ്രൂഷകനും വേദാദ്ധ്യാപകനുമായ പാസ്റ്റർ പി. സോളമന്റെ ഭാര്യ ബീനാ ക്യാൻസർ രോഗത്തിന്റെ ഓപ്പറേഷൻ കഴിഞ്ഞ് ഭവനത്തിൽ വിശ്രമിക്കുമ്പോൾ പെട്ടെന്ന് പനിയും ഷുഗറും കൂടി കഴിഞ്ഞ മൂന്ന് ആഴ്ചയിൽ കൂടുതലായി പാലാരിവട്ടം ഹോസ്പിറ്റലിൽ അഡ്മിറ്റ് ആണ്.

കഴിഞ്ഞ 35–ൽ പരം വർഷമായി പാസ്റ്റർ പി. സോളമൻ സുവിശേഷ പ്രവർത്തനങ്ങളിൽ ആയിരിക്കുന്നു. സാമ്പത്തികമായി വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ബി.ബി.എ കഴിഞ്ഞ ഏകമകൾ, മാതാവിനോടും പിതാവിനോടുമൊപ്പം ഹോസ്പിറ്റലിൽ തന്നെയാണ്. ആയതിനാൽ ദൈവദാസിയേയും ദൈവദാസനേയും കുടുംബത്തെയും ഓർത്ത് പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു.

എല്ലാ സ്നേഹിതരും നിങ്ങളാൽ കഴിയുന്ന രീതിയിൽ കരുണയുടെ കരങ്ങൾ നീട്ടി പ്രിയമുള്ളവരെ സഹായിക്കണമെന്ന് അപേക്ഷിക്കുന്നു.

**Contact Details:**
Pastor Solomon,
HDFC Branch
Eramalloor
A/c No.50100011168470

**Contact Number:**
Mobile No: + 918547577377

## പൊതുജന അറിവിലേക്ക്

**റീജിയണൽ കാൻസർ സെന്റർ തിരുവനന്തപുരം രോഗികൾക്കുള്ള ക്ഷേമപദ്ധതികൾ**

കേരള സർക്കാർ കാൻസർ പെൻഷൻ സ്കീം, മുഖ്യമന്ത്രിയുടെ പുവർ ആരോഗ്യ വകുപ്പ് പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്കുള്ള സഹായം:
1. ചിസ് പ്ലസ്, കാരുണ്യ ബെനവലന്റ് ഫണ്ട്,
2. കാൻസർ സുരക്ഷാ പദ്ധതി (18 വയസ്സിനു താഴെ)
3. താലോലം
4. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സ്നേഹസാന്ത്വന പദ്ധതി.
കേന്ദ്രസർക്കാർ
റെയിൽവേ കൺസഷൻ
രാഷ്ട്രീയ ആരോഗ്യനിധി
പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി

കൂടുതൽ വിവരങ്ങൾക്ക്:
**പേഷ്യന്റ് വെൽഫെയർ ഓഫീസർ, റൂം നമ്പർ: 27 (ബ്ലോക്ക് – എ, ലെവൽ –3 )**
**ഫോൺ : 0471–2522272**


*Every good gift and every perfect gift is from above, coming down from the Father of lights*

GRACE Visual media Since : 1988
09447255475, 09447370979



Wedding Photography & Video Graphy
Direction: HEBRON DAVID (sabu)
Grace Visual Media, Shoranur
www.gracevisualmedia.com
E-mail: gracevisual@gmail.com

Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc....,
Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...

LANDWAY
Bringing You Closer to God

# LANDWAY NEWS

Published From Pathanamthitta
Volume No. 2, Issue No.6 | Pages 8 | Price: Rs. 10/-

10 JUNE 2016

Olive Thottathil, Thumpamon P.O., Pandalam, Pathanamthitta Dist, Kerala State, India - 689502;
Phone: +91-9447440441,
Email: landwaynews@gmail.com
www.landwaynews.com

RNI-KERBIL/2015/62054.
Postal Registration No. KL/PTA/93/2015 - 2017.
WPP License Number: KL/PTA/WPP/217/2015 - 2017.
Posted at RMS, Thiruvalla,
Posting Date: on 10/06/2016

## സഭയും സദാചാര വിചാരവും

**സമസ്ത മേഖലകളിലും ക്രൈസ്തവ സദാചാര വിരുദ്ധരുടെ നീക്കങ്ങൾ അരങ്ങേറ്റം നടത്തുകയാണ്. ഇതിന് മോചനം ആദിമ ക്രൈസ്തവ മൂല്യങ്ങളിലേയ്ക്കുള്ള മടങ്ങിവരവാണ്. അല്ലാത്തപക്ഷം സഭ തികച്ചും ഒരു സദാചാരരഹിത സമൂഹമായി അവശേഷിക്കുവാൻ അധികകാലം വേണ്ടിവരികയില്ല.**



**രാജു ആനിക്കാട്**

വിശുദ്ധവേദപുസ്തകത്തിന്റെ അതിശ്രേഷ്ഠത അത് തികച്ചും സദാചാരനിഷ്ഠമായ ഒരു ജീവിതവ്യവസ്ഥിതി ആവശ്യപ്പെടുന്നുവെന്നതാണ്. ക്രിസ്തു സഭയെന്ന സദാചാരാധിഷ്ഠിത സമൂഹത്തെ ലോകത്തിന് സംഭാവന ചെയ്തത് ഒരർത്ഥത്തിൽ വിശുദ്ധ ബൈബിളാണെന്നു പറയാം. അതുകൊണ്ട് അത്തരം മൂല്യങ്ങളിൽ വളരുവാൻ പ്രചോദിപ്പിക്കുന്ന പ്രബോധനങ്ങളാൽ സമ്പുഷ്ടമാണ് ബൈബിൾ.

വിശുദ്ധ വേദപുസ്തകത്തിന്റെ ഏറ്റവും വലിയ സൃഷ്ടി ഏതാണെന്ന ചോദ്യത്തിന് ഉത്തരം സദാചാരബന്ധിത സമൂഹമായ ക്രൈസ്തവ സഭ എന്നായിരിക്കും. സഭ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ വ്യക്തമായ വ്യവസ്ഥിതിയും സദാചാരവും കൊണ്ടാണ് ശ്രദ്ധേയമാകുന്നത്. പല പ്രാകൃത മത സമൂഹങ്ങളിലും സദാചാരങ്ങളുണ്ട്. പക്ഷേ അത് മതത്തിൽ നിന്നും സ്വതന്ത്രമായിരിക്കും. എന്നാൽ ക്രൈസ്തവ സഭാ സമൂഹത്തിന്റെ പ്രത്യേകത, അതിന്റെ ധാർമ്മിക മൂല്യം തികച്ചും മതാത്മകമാണെന്നതാണ്. (ഇവിടെ മതാത്മകം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ക്രൈസ്തവ പ്രമാണങ്ങളെയാണ്). അതായത് സഭയ്ക്ക് അതിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ നിന്ന് വ്യതിചലിച്ചുള്ള ഒരു സദാചാരവും ഇല്ല. സഭ എപ്പോൾ പ്രമാണത്തിന് വെളിയിൽ വരുന്നോ, അതാണ് ദുരാചാരമായി പരിണമിക്കുന്നത്.

ലോകത്തിൽ പല മതങ്ങൾക്കും മതവും സദാചാരവും തമ്മിലുള്ള ബന്ധം പോലും അത്യാവശ്യമല്ലെന്നതാണ് സത്യം. എന്നാൽ ക്രിസ്തുസമൂഹത്തെ (സഭയെ) സംബന്ധിച്ചിടത്തോളം മതവും സദാചാരവും തമ്മിലുള്ള ബന്ധം തികച്ചും അത്യാവശ്യമാണ്. ഇവ തമ്മിൽ ഇഴുകിച്ചേർന്ന ഒരു വ്യവസ്ഥിതിയാണിത്.

ക്രിസ്തുസഭ ജന്മം കൊണ്ടപ്പോൾത്തന്നെ ഈ സമൂഹം അനുവർത്തിക്കേണ്ട അനുപേക്ഷണീയ ജീവിത മൂല്യങ്ങൾ അതിന്റെ ജീവരക്തത്തിലും ആത്മാവിലും ആവേശിച്ചിട്ടുണ്ടായിരുന്നു എന്നതാണ് വാസ്തവം. സഭ കാലത്തോടും സമൂഹത്തോടും സദാചാരപരമായി പ്രതികരിക്കേണ്ടിയിരുന്നിടത്ത് ആ അടിസ്ഥാന മൂല്യങ്ങളുടെ വികാസ പരിണാമമാണ് പിന്നെ നടന്നിട്ടുള്ളത്. ക്രിസ്തു സഭയ്ക്ക് ഇത്ര ശ്രേഷ്ഠമായ ഒരു ധാർമ്മികത ഉണ്ടായതും ഉണ്ടായിരിക്കേണ്ടതും സഭയുടെ സ്ഥാനം എവിടെ ആയിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. പത്രൊസിന്റെ പ്രസംഗത്തിൽ നിന്നും വ്യക്തമായത്, വക്രതയുള്ള തലമുറയിൽ നിന്നും അതില്ലാത്ത ഒരു മാനസിക സാഹചര്യത്തിലേയ്ക്കുള്ള മാറ്റമാണ് രക്ഷിക്കപ്പെടൽ.[1] ഇതെല്ലാം വ്യക്തമാക്കുന്നത് സഭയുടെ ധാർമ്മിക സ്ഥാനമാണ്. ഇങ്ങനെ അലൗകികമോ, സ്വർഗ്ഗീയമോ ആയ അഗോചരവും, അപ്രമേയവും എന്നൊക്കെ പറയാവുന്ന ഒരു സ്ഥാനവും അത്തരമൊരു സ്ഥാപനവുമാണ് ക്രൈസ്തവ സഭ. അത് ആർക്കും നിഷേധിക്കാനാവില്ല.

ക്രിസ്തുസഭയുടെ സ്ഥാപനത്തിന്റെ ആധികാരിക ചരിത്രരേഖ അപ്പൊസ്തലപ്രവൃത്തികളുടെ പ്രഥമ അദ്ധ്യായങ്ങളിൽ അംഗീകൃത വേദചരിത്രകാരൻ ലൂക്കൊസ് ആലേഖനം ചെയ്തിട്ടുണ്ട്. ആ ഭാഗങ്ങളെ അതിന്റെ സാമൂഹികവും മതപരവും ചരിത്രപരവുമായ പശ്ചാത്തലങ്ങളെ ഒരു സത്യന്വേഷകന്റെ മനസ്സോടെ വിശകലനം ചെയ്താൽ, ക്രൈസ്തവ സഭയുടെ സദാചാരമൂല്യങ്ങളുടെ വീര്യം നശിക്കാത്ത വിത്തുകൾ കാണാൻ കഴിയും. അവ കേവലം ശൂന്യതിയിൽ നിന്നും പൊട്ടിവീണ മാന്ത്രിക വചസ്സുകളല്ല. മനുഷ്യന്റെ സ്ഥലകാല ജീവിത സാഹചര്യങ്ങളോട് അഭേദ്യമായി ബന്ധമുള്ള ശക്തിയുടെ ജീവൻ തുടിക്കുന്ന വചനങ്ങളാണ്. അവ ക്രിസ്തുസഭയുടെ സദാചാരമൂല്യങ്ങളുടെ പ്രകാശഗോപുരങ്ങളാണ്. പാതാള ഗോപുരങ്ങൾക്ക് എതിർക്കാനോ, ചെറുക്കാനോ സാധിക്കാത്ത സഭയുടെ ശക്തി ശ്രോതസ്സുകളാണ്.

ഈ സദാചാരങ്ങളുടെമേലാണ് ക്രിസ്തു സഭയുടെ പണി നടന്നിട്ടുള്ളത്. ഇനി നടക്കേണ്ടതും. ഒന്നാം നൂറ്റാണ്ടിൽ ഇത്തരം മഹനീയമായ മാതൃകയിൽ പണിത സഭയുടെ മാസ്റ്റർ പ്ലാനിൽ അതിന്റെ പ്രാണവായുവായി സ്വാതന്ത്ര്യവും സ്ഥായീഭാവമായി സമത്വവും സാഹോദര്യവും, അതിജീവന ശക്തിയായിരുന്ന ആത്മൈക്യവും, വളർച്ചയുടേയും വികസനത്തിന്റേയും പ്രേരകമായി പങ്കിടീലും ഒക്കെ അതിന്റെ പ്രധാനമൂല്യങ്ങളായിരുന്നു.

സ്വാതന്ത്ര്യം ക്രൈസ്തവസഭയുടെ ജീവാത്മാവാണെന്ന് പറയാം. പാപത്തിന്റെ പാരതന്ത്ര്യത്തിൽ നിന്നും സാക്ഷാൽ സ്വാതന്ത്ര്യം വരുത്തുന്ന ക്രിസ്ത്യാനിത്വം സമസ്തമേഖലകളിലും മനുഷ്യനു സ്വാതന്ത്ര്യമരുളുന്ന തത്വശാസ്ത്രമാണ്. പിന്നെ ഒരുതരത്തിലുമുള്ള അസ്വാതന്ത്ര്യം പ്രത്യക്ഷമോ പരോക്ഷമോ ആയത് മനുഷ്യന്റെ മേൽ വരുന്നത് ക്രിസ്തീയ സദാചാരത്തിനും മൂല്യബോധത്തിനും മേലുള്ള കളങ്കമാണ്.

ക്രൈസ്തവ സഭയുടെ മറ്റൊരു പ്രത്യേകത ഇത് സമത്വത്തിന്റെ മഹനീയമായ മാതൃക ലോകത്തിന് മുമ്പിൽ പ്രയോഗത്തിൽ വരുത്തി എന്നതാണ്. പക്ഷെ അത് മതചരിത്രത്തിൽ സംഭവിച്ചുപോയ ഏറ്റവും വലിയ പാതകമായിരുന്നു എന്ന് ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്. ഒരുമയിൽ വളരുക എന്നത് അസാധ്യമാണെന്ന് വരുത്തിത്തീർത്ത്, വിഭജിച്ചു വളരുന്നത് സഹിക്കുവാൻ ക്രിസ്തു സഭ തയ്യാറായി എന്നതാണ് അത്ഭുതം. ഞാനും പിതാവും ഒന്നായിരിക്കുന്നതുപോലെയുള്ള ഏകാത്മകതയാണ് ക്രിസ്തുശിഷ്യന്മാരിൽ സംജാതമാകേണ്ടതെന്നായിരുന്നു യേശുക്രിസ്തുവിന്റെ കാഴ്ചപ്പാട്. ക്രിസ്തുവിന്റെ അനിഷേധ്യവും അസന്നിഗ്ദ്ധവുമായ പ്രസ്താവനയെ അപ്പാടെ എവിടെയോ തളച്ചിട്ടു തന്നിഷ്ടപ്രകാരം സഭാസാമ്രാജ്യം പണിതുയർത്തുന്ന തന്ത്രങ്ങളുടെ തത്രപ്പാടിലാണ് നവസമൂഹം.

സഭയുടെ ജിവസ്സുറ്റ മറ്റൊരു ധർമ്മമായിരുന്നു പങ്കിടീൽ. സ്വകാര്യ സ്വത്തിന്റെ അഹന്തയും അതിലെ കച്ചവട മനസ്ഥിതിയും സഭയ്ക്കുള്ളിലെ സംഗതിയേ അല്ല. അത് അതിനു പുറത്തുള്ളതാണ്. സഭയ്ക്കകത്ത് ഈ വകകളുടെ സാന്നിധ്യവും വളർച്ചയും ഉണ്ടെങ്കിൽ ചാട്ടവാർ പ്രയോഗത്തിന് കർത്താവിന്റെ കാലത്തേ അനുമതി ഉള്ളതാണ്. അത് ചെയ്യുന്നതിന് ഇനി അമാന്തിക്കേണ്ടതില്ല.

സമസ്ത മേഖലകളിലും ക്രൈസ്തവ സദാചാര വിരുദ്ധരുടെ നീക്കങ്ങൾ അരങ്ങേറ്റം നടത്തുകയാണ്. ഇതിന് മോചനം ആദിമ ക്രൈസ്തവ മൂല്യങ്ങളിലേയ്ക്കുള്ള മടങ്ങിവരവാണ്. അല്ലാത്തപക്ഷം സഭ തികച്ചും ഒരു സദാചാരരഹിത സമൂഹമായി അവശേഷിക്കുവാൻ അധികകാലം വേണ്ടിവരികയില്ല.

### വരിസംഖ്യ അടച്ചോ?

ലാൻഡ്വേയുടെ വാർഷിക വരിസംഖ്യ ദയവായി അടയ്ക്കുകയോ പുതുക്കുകയോ ചെയ്ത്, എല്ലാ മാന്യവായനക്കാരും ഈ മിനിസ്ട്രിയോട് സഹകരിക്കണമെന്ന് ദയവായി അപേക്ഷിക്കുന്നു.

*ചീഫ് എഡിറ്റർ*

*With best compliments from*

**DIVINE TRAVELS**

102, New four story, Vishal Enclave, Opp- Rajouri Garden Police Station, Tagore Garden, New Delhi-110027
Ph: 011-25195343/09810863352/09810485352/09910045352,
Email: csanju1975@yahoo.co.in, aaronsanju@gmail.com

AIR TICKTES ( DOMESTIC & INTERNATIONAL (24HRS SERVICE)
PASSPORT (FRESH & RENEWAL)
VISA ASSISTANCE
TRAIN TICKETS BOOKING
CURRANCY CHANGER ( DOLLAR SALE/ PURCHASE ON AMERICAN EXPRESS BANK RATES)



ട്രെയിൻ, വിമാന, ടിക്കറ്റുകൾ ബുക്ക്ചെയ്യുന്നതിനും,
പുതിയ പാസ്പ്പോർട്ട് എടുക്കുന്നതിനും
പഴയ പാസ്പ്പോർട്ട് പുതുക്കുന്നതിനും,
വിസാ സംബന്ധമായ കാര്യങ്ങൾക്കും സമീപിക്കുക.

**HARVEST INTERNATIONAL CHURCH**

Partnering with City Reach.
Philadelphia PA USA

*Worships in Indian languages and English Service*

Worship Timings:
SUNDAY MEETING: 11.00 AM TO 1.00 PM
COTTAGE MEETINGS: TUESDAY & FRIDAY 6.30PM - 8.00PM

**Come and worship with us**

Address:
808 Redlion Rd, Philadelphia PA 19115
Pastor Mathew James
Cell : +1 267 400 6334
Email: harvestphil@gmail.com

### ലാൻഡ്വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| Size | Multicolour | Black & White |
|---|---|---|
| Frontside Half | 12,000/- | NIL |
| Full Page (Back) | 12,000/- | NIL |
| Half Page (Back) | 8,000/- | NIL |
| Quarter Page (Middle) | 5,000/- | NIL |
| 10 Cm X 3 Column | 4,000/- | 2,000/- |
| 10 Cm X 2 Column | 3,000/- | 1,500/- |
| 5 Cm X 2 Column | 1,500/- | 750/- |
| Minimum 5 cm X 1 Column - Rs. 600/- (BW) | | |
| Matrimonial - Rs 600/- for 4 Issues Rs. 1800/- (BW) | | |

വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയയ്ക്കേണ്ട ലാൻഡ്വേ ന്യൂസിന്റെ ഔദ്യോഗിക വിലാസവും ബാങ്ക് അക്കൗണ്ടും താഴെ കൊടുക്കുന്നു.

*Office Address*

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pathanamthitta Dist,
Kerala State, India - 689502

*Bank Details*

LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55




*Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.*